# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 04/2019 | ഒക്ടോബർ 2019 | തിരുവനന്തപുരം | പേജ് 16 | വില 10 രൂപ





നിയമസഭാ ടി. വി യാഥാർത്ഥ്യത്തിലേക്ക് » 05

സഭാസമുച്ചയത്തിലെ പൊൻകതിരുകൾ നിറപുത്തരിക്ക് » 06

നവീകരണത്തിന്റെ പാതയിൽ നിയമസഭാ മ്യൂസിയം » 10


ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്



## ഉരുൾപൊട്ടൽ തകർത്തെറിഞ്ഞ ദുരന്തഭൂമിയിൽ....

# കവളപ്പാറ...

ഇന്നലെയാണ് നിലമ്പൂരിനടുത്ത് കവളപ്പാറയിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്. മന്ത്രി കെ.ടി.ജലീലും, എം.എൽ.എ. പി.വി.അൻവറും ഉൾപ്പെടുന്ന സംഘം രാവിലെ തന്നെ നിലമ്പൂരിൽ നിന്ന് കവളപ്പാറയിലേയ്ക്ക് തിരിച്ചു. ചുങ്കത്തറ കഴിഞ്ഞ്, കോത്തൂർ കടന്ന് പൂളപ്പാടം വഴിയാണ് കവളപ്പാറയിലെത്തേണ്ടത്. അത്യന്തം അവിശ്വസനീയവും ഭീതിദവുമായ ദൃശ്യങ്ങളാണ് അവിടെ കണ്ടത്. ഉരുൾപൊട്ടൽ എന്നു കേൾക്കുമ്പോൾ അല്പം പാറയും കല്ലും പൊട്ടി താഴേക്കു വീഴുന്നു എന്നതിനപ്പുറമുള്ള ഒരു വലിയ സങ്കൽപം എനിക്കുണ്ടായിരുന്നില്ല. ഇത് ഒരു പർവ്വതം ഒന്നിച്ചു പിളർന്ന് താഴോട്ട് പതിച്ചിരിക്കുന്നു. അതിനടിയിൽ അമ്പതിലധികം വീടുകൾ. മൂടിക്കിടക്കുന്ന മണ്ണിനടിയിൽ സ്വന്തം ബന്ധുക്കളുടെയും കുടുംബാംഗങ്ങളുടെയും ചലനമറ്റ ശരീരത്തിന്റെ ഒരു ഭാഗമെങ്കിലും കണ്ടെത്താനാവുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ.... വലിയ തോതിൽ ഖനനം ചെയ്താൽ മൃതശരീരങ്ങൾക്ക് കേടുപറ്റുമോ എന്ന് സംശയിച്ചു കൊണ്ട് സൂക്ഷ്മതയോടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, ലഭിച്ച മൃതദേഹങ്ങൾ പോസ്റ്റമോർട്ടം ചെയ്യാൻ ദൂരേക്ക് കൊണ്ടു പോകേണ്ട അവസ്ഥയെക്കുറിച്ച് വ്യക്തതയില്ലാതെ ബുദ്ധിമുട്ടിലായിക്കൊണ്ടിരിക്കുന്ന ആരോഗ്യപ്രവർത്തകർ, പുറമെ തടിച്ചുകൂടിയ നാട്ടുകാരും; എങ്ങും സങ്കടക്കാഴ്ചകൾ....

ഞങ്ങൾ എല്ലാ സ്ഥലങ്ങളും സന്ദർശിച്ചു. അതിനുശേഷം പാതാറിലേയ്ക്ക് പോകണമെന്ന എം.സ്വരാജ് എം.എൽ.എ. യുടെ ആവശ്യം പരിഗണിച്ച് അങ്ങോട്ടേക്കും പോയി. അദ്ദേഹം ജനിച്ചുവളർന്ന വീടിന്റെ പരിസരപ്രദേശങ്ങളാണത്. ഒരു നദി വഴി മാറി ഒഴുകി താഴോട്ടു കുത്തിയൊലിച്ച് പാറക്കല്ലുകളും നെടുങ്കൻ കരിങ്കല്ലുകളും നിറഞ്ഞ ഒരു പുതിയ പാത വെട്ടിത്തുറന്നിരിക്കുന്നു. പാതാർ എന്നു പറയുന്ന ഒരു കവല അവിടെ ഉണ്ടായിരുന്നു. അത് വെറും ചരിത്രസ്മൃതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. പാതാറിലേയും കവളപ്പാറയിലേയും സമീപപ്രദേശങ്ങളിലേയും ജനങ്ങളെ എവിടെ, എങ്ങനെ പുനരധിവസിപ്പിക്കണമെന്ന ഗൗരവമേറിയ വിഷയം സർക്കാർ ആലോചിച്ചു നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. മുഖ്യമന്ത്രി സ്ഥലം സന്ദർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സന്ദർശനത്തോടുകൂടി ഞങ്ങളിലോരോരുത്തർക്കും തോന്നിയ അഭിപ്രായങ്ങൾ സർക്കാരിനെ അറിയിച്ച്, സർക്കാർ ഒരു തീരുമാനത്തിലെത്തുമെന്ന് പ്രതീക്ഷിക്കാം. ഏതായാലും പ്രകൃതിയുടെ ഈ അസുരഭാവം യഥാർത്ഥത്തിൽ നമ്മളെത്ര ചെറുതാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സന്ദർശനത്തിനുശേഷം സ്ഥിതിഗതികൾ വിലയിരുത്താൻ പോത്തുകല്ലിലെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്നു. യോഗത്തിൽ മന്ത്രി കെ.ടി.ജലീൽ, പി.വി.അബ്ദുൾ വഹാബ് എം.പി., പി.വി.അൻവർ എം.എൽ.എ., എം.സ്വരാജ് എം.എൽ.എ, തഹസീൽദാർ, എ.ഡി.എം., പഞ്ചായത്ത് പ്രസിഡന്റ്, സി.പി.എം. ജില്ലാ സെക്രട്ടറി മോഹൻദാസ്, ഇ.പി.വാസുദേവൻ എന്നിവരെല്ലാം പങ്കെടുത്തിരുന്നു. കൊണ്ടോട്ടിയിലും എടവണ്ണയിലും ഉള്ള ക്യാമ്പുകളും, രാത്രി തിരികെയെത്തി പൊന്നാനിയിലെ ക്യാമ്പുകളും സന്ദർശിച്ചു. വഴിമാറിയൊഴുകിയ പാതാറിനെ കണ്ടപ്പോൾ, കുത്തിയൊഴുകുന്ന നദി കണ്ടപ്പോൾ ഹിമാലയത്തിൽ നിന്ന് നേരിട്ടൊഴുകുന്ന ബിയാസ് നദിയാണ് ഓർമ്മ വന്നത്.

**പി.ശ്രീരാമകൃഷ്ണൻ**

സ്പീക്കർ,






## ആരിഫ് മുഹമ്മദ് ഖാൻ
# കേരള ഗവർണർ

കേരളത്തിന്റെ ഇരുപത്തിരണ്ടാമത് ഗവർണറായി മുൻ കേന്ദ്രമന്ത്രി ആരിഫ് മുഹമ്മദ്ഖാനെ രാഷ്ട്രപതി നിയമിച്ചു. ജസ്റ്റിസ് പി.സദാശിവം കാലാവധി പൂർത്തിയാക്കിയ ഒഴിവിലേയ്ക്കാണ് നിയമനം. 2019 സെപ്റ്റംബർ 6 ന് രാജ്ഭവനിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഋഷികേശ് റോയ് സത്യവാചകം ചൊല്ലിക്കൊടുത്തു. ദൈവനാമത്തിൽ മലയാളത്തിലാണ് നിയുക്ത ഗവർണർ സത്യപ്രതിജ്ഞ ചെയ്തത്. മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ തുടങ്ങിയവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. ഉത്തർപ്രദേശിലെ ബുലന്ദ്ശഹർ സ്വദേശിയാണ് ആരിഫ് മുഹമ്മദ് ഖാൻ. ചരൺസിംഗിന്റെ ഭാരതീയ ക്രാന്തിദളിലൂടെ രാഷ്ട്രീയത്തിലെത്തി. പിന്നീട് കോൺഗ്രസിലും, ജനതാദൾ, ബി.എസ്.പി., ബി.ജെ.പി എന്നീ പാർട്ടികളിലും പ്രവർത്തിച്ചു. രാജീവ് ഗാന്ധി, വി.പി.സിംഗ് മന്ത്രിസഭകളിൽ അംഗമായിരുന്നിട്ടുണ്ട്.

## മൊഴിമുഴക്കം



മാതൃഭാഷയാണ് കണ്ണുകൾ; മറ്റു ഭാഷകൾ കണ്ണടകളായി വേണം പരിഗണിക്കാൻ"

**എം.വെങ്കയ്യ നായിഡു**

ഉപരാഷ്ട്രപതി

# ഫെഡറലിസം: പ്രശ്നങ്ങളും സാധ്യതയും

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ

ഫെഡറലിസം ഗവൺമെന്റിന്റെ ഘടനയെ സംബന്ധിച്ച തത്വവും രൂപമാതൃകയുമാണ്. കേന്ദ്ര ഗവൺമെന്റും പ്രാദേശിക ഗവൺമെന്റുകളും അധികാരം കൃത്യമായ കീഴ്‌വഴക്കങ്ങളുടേയോ, നിയമങ്ങളുടേയോ അതുമല്ലെങ്കിൽ രണ്ടിന്റെയും കൂടിയോ അടിസ്ഥാനത്തിൽ പങ്കിട്ടെടുക്കുകയും ഭരണം സമന്വിതമായി മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്ന രാഷ്ട്രീയ വ്യവസ്ഥയാണ് ഫെഡറലിസം. ഒരു സമന്വിതമായ അല്ലെങ്കിൽ സമ്മിശ്രിതമായ സർക്കാർ രൂപമാണ് ഫെഡറൽ ഗവൺമെന്റ്. കേന്ദ്ര ഗവൺമെന്റും പ്രാദേശിക ഗവൺമെന്റുകളും കൂടിച്ചേർന്ന് ഒരു ഏകീകൃതവും ഏകവുമായ രാഷ്ട്രീയ വ്യവസ്ഥയായി മാറുന്നു.



ഇന്ത്യയിൽ ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ നിർവ്വചിച്ചിട്ടുള്ളത്. രാജ്യതാല്പര്യവും അതിന്റെ വൈവിധ്യവും സവിശേഷതകളും നിലനിർത്തുന്ന വിധത്തിലുള്ള ജനാധിപത്യപരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളാണ് ഭാരതത്തിലുള്ളത്. ഭരണവിഷയങ്ങളിൽ യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെയുള്ള വിഭജനങ്ങൾ ഫെഡറലിസത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നു.

സമീപകാലത്ത് സംസ്ഥാനത്തിന്റെ അധികാരങ്ങൾ കൂടുതലായി കേന്ദ്രം കൈയടക്കുന്ന എന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. കേന്ദ്രഫണ്ടിന്റെ അസന്തുലിതമായ വിതരണത്തിൽ തുടങ്ങി ജി.എസ്.ടി. അടക്കമുള്ള വിഷയങ്ങൾ തർക്ക പ്രശ്നങ്ങളായി തുടരുകയാണ്. സാംസ്കാരികമായ പ്രത്യേകതകൾ, ഭൂമിശാസ്ത്രപരമായ പ്രാധാന്യം, വംശീയവും-സാമൂഹികവുമായ ഘടകങ്ങൾ, വികസന പിന്നാക്കാവസ്ഥ എന്നിവ മുൻനിർത്തി ചില സംസ്ഥാനങ്ങൾക്കും മേഖലകൾക്കും പ്രത്യേക പദവി ഭരണഘടന നൽകിയിട്ടുണ്ട്. ഭരണഘടനയുടെ 371 എ മുതൽ 371 എച്ച് വരെയുള്ള അനുച്ഛേദങ്ങളും 371 ജെ യും പ്രകാരം പതിനൊന്ന് വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകിയിട്ടുണ്ട്. ഈ മേഖലയിലെ ഗോത്ര വർഗ്ഗ ജീവിതത്തിന്റെ പ്രത്യേകതകൾ, സാമൂഹ്യാവസ്ഥ, ഭൂമിശാസ്ത്രപരവും വികസനസംബന്ധിയുമായ പ്രശ്നങ്ങൾ എന്നിവ പരിഗണിച്ചാണ് വടക്ക് -കിഴക്കൻ മേഖലകൾക്ക് പ്രത്യേക പദവി നൽകിയിട്ടുള്ളത്. ഇന്ത്യ-പാക് വിഭജനത്തിന്റെയും കാശ്മീർ പ്രശ്നത്തിന്റെയും സവിശേഷ പശ്ചാത്തലത്തിലാണ് കാശ്മീരിന് പ്രത്യേക പദവി നൽകുന്ന അനുച്ഛേദം 370 ഉം പ്രത്യേക സ്വത്തവകാശ പരിരക്ഷ നൽകുന്ന 35 എ വകുപ്പും ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. അധികാര വികേന്ദ്രീകരണത്തിന്റെ സുതാര്യമായ ഒരു തലം മാത്രമാണ് ഇത്തരം പരിരക്ഷകൾ. മഹാരാഷ്ട്രയുടെയും ഗുജറാത്തിന്റെയും ചില മേഖലകൾക്കും മധ്യേന്ത്യയിലെ ഗോത്രവർഗ്ഗ മേഖലകൾക്കും കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിനും ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങൾക്കും പ്രത്യേക പദവിയും പരിരക്ഷയുമുണ്ട്. രാജ്യത്തിന്റെ സാംസ്കാരികവും സാമൂഹ്യവുമായ വൈവിധ്യം നിലനിർത്താനും ജനാധിപത്യാനുഭവങ്ങൾ തൃണമൂലതലത്തിലേക്ക് വ്യാപിപ്പിക്കുവാനും അതുവഴി ദേശീയോദ്ഗ്രഥനം സാധ്യമാക്കുവാനും കഴിഞ്ഞ ഏഴ് ദശാബ്ദത്തിനുള്ളിൽ ഭാരതത്തിന് കഴിഞ്ഞത് ഇത്തരം ഭരണഘടനാപരമായ പരിരക്ഷകളുടെ ബലത്തിലാണ്.

**ഫെഡറലിസം ചരിത്രം:**

'നാനാത്വത്തിൽ ഏകത്വം' എല്ലാ അർത്ഥത്തിലും ഭാരതീയർക്ക് ഒരു ദൈനംദിനാനുഭവമാണ്. ഭിന്നതകളെ നിലനിർത്തിക്കൊണ്ടുതന്നെ ഒന്നായി, ഒരൊറ്റ രാഷ്ട്രമായി മാറാൻ കഴിയുമെന്ന് ചരിത്രപരമായി തെളിയിച്ച ജനതയാണ് ഭാരതീയർ. ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പിലാക്കിയ 1919-ലെ മൊൺടേഗു-ചെംസ്ഫോർഡ് ഭരണപരിഷ്കാരം 'ഡയാർക്കി' നടപ്പിലാക്കി. അതായത് കേന്ദ്ര ലിസ്റ്റും പ്രവിശ്യ ലിസ്റ്റും തയ്യാറാക്കി വികേന്ദ്രീകൃത ഭരണത്തിന് തുടക്കം കുറിച്ചു. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം 'ഫെഡറൽ' സ്റ്റേറ്റായി ബ്രിട്ടീഷ് ഇന്ത്യ മാറി. സ്വതന്ത്ര ഇന്ത്യയും 1935-ലെ നിയമത്തിന്റെ ചുവടുപിടിച്ച് ഫെഡറൽ തത്വങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തി. എന്നാൽ ഘടക സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമാകാനുള്ള അവകാശമില്ല. അതിനാൽ 'യൂണിയൻ' എന്ന നിലയിലാണ് 'രാഷ്ട്ര സംഘാടനം' നിർവ്വഹിച്ചത്. രാഷ്ട്രപരമാധികാരത്തിനു കീഴിൽ പരമാവധി 'സ്വയംഭരണം' അനുഭവിക്കാനുള്ള സാഹചര്യം ഘടകസംസ്ഥാനങ്ങൾക്ക് ഉണ്ട് എന്ന് സാരം. അതുകൊണ്ടുതന്നെ ജനാധിപത്യം വികസ്വരമാകുന്ന മുറയ്ക്ക് കൂടുതൽ 'സ്വയംഭരണ'വും ജനാധിപത്യാനുഭവങ്ങളും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകുകയാണ് വേണ്ടത്. ഇതിനുപകരം കേന്ദ്രത്തിന്റെ നിയന്ത്രണം കൂടുതൽ ശക്തിപ്പെടുത്തിയും സംസ്ഥാനത്തിന്റെ അവകാശങ്ങളെ കവർന്നെടുത്തും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ കേന്ദ്രഗവൺമെന്റ് അനാവശ്യ നിയന്ത്രണം കൊണ്ടുവന്നും ഫെഡറലിസത്തിന്റെ ആത്മാവിനെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ 'നാനാത്വത്തിൽ ഏകത്വം' നശിപ്പിക്കും. വിഘടന പ്രവർത്തനങ്ങൾ വളർന്നു വരാൻ കാരണമാകും. ദേശീയോദ്ഗ്രഥനം ഇല്ലാതാകും. കാശ്മീരിൽ അനുച്ഛേദം 370 റദ്ദാക്കിയതും, ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളും ഈ ദിശയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും എന്ന കാര്യം നിസ്തർക്കമാണ്.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# മയൂഖം - 2019

**രമേശ് ചെന്നിത്തല**
ഹരിപ്പാട്

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെ ആദരിക്കുന്നതിനുള്ള 'മയൂഖം 2019' നങ്ങ്യാർകുളങ്ങര ഭൂവി കൺവെൻഷൻ സെന്ററിൽ ജൂലൈ 24 ന് കേരള നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

26 സ്കൂളുകളിൽ നിന്നുള്ള 500 കുട്ടികളെ ചടങ്ങിൽ ആദരിച്ചു. നൂറുശതമാനം വിജയം കൈവരിച്ച ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളേയും ചടങ്ങിൽ പ്രത്യേകം അനുമോദിച്ചു. ചടങ്ങിൽ പ്രശസ്ത ചലച്ചിത്ര താരങ്ങളായ ഇന്ദ്രൻസ്, ഗായത്രി സുരേഷ് , സൗമ്യ, ഗാനരചയിതാവ് വയലാർ ശരത്ചന്ദ്ര വർമ്മ, ഫുട്ബോൾ താരം സി.കെ.വിനീത് എന്നിവർ പങ്കെടുത്തു.




# വ്യാപാരികൾക്ക് ഒരു കൈത്താങ്ങ്

**പി.കെ.ബഷീർ**
ഏറനാട്

തുടർച്ചയായി രണ്ടാം വർഷവും പ്രളയത്തെ നമ്മൾ അതിജീവിക്കുകയാണ്. മലപ്പുറം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ ചെറുതല്ല. പലരുടെയും ജീവനും സ്വത്തിനും നഷ്ടമുണ്ടായി. ഏറനാട് മണ്ഡലത്തിൽ ഓരോ മേഖല കേന്ദ്രീകരിച്ചും ദുരിതാശ്വാസ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. അതിനായി നാട് ഒറ്റക്കെട്ടായി കൂടെയുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ സർക്കാറിൽ നിന്നും വേണ്ടത്ര സഹായം ലഭിക്കാത്തവരാണ് വ്യാപാരി സമൂഹം. ഓരോ ചെറുപട്ടണത്തിന്റെയും സാമ്പത്തിക അടിത്തറയാണ് വ്യാപാരികൾ. ഈ മേഖലയിൽ ഇത്തവണയും ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. കഴിഞ്ഞ വർഷം ഉണ്ടായ നഷ്ടത്തിൽ നിന്ന് കരകയറുന്ന പല വ്യാപാരസ്ഥാപനങ്ങളിലും ഇത്തവണയും വെള്ളം കയറി. ജില്ലയിൽ നൂറുകണക്കിന് കടകളാണ് പ്രളയത്തിൽ മുങ്ങിപ്പോയത്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പെരുന്നാൾ കച്ചവടം ലക്ഷ്യംവച്ച് വാങ്ങിയ അധിക ഉൽപ്പന്നങ്ങൾ അടക്കം എല്ലാം നഷ്ടമായി. ജനപ്രതിനിധി എന്ന നിലയിൽ പരമാവധി സഹായം വ്യാപാരികൾക്ക് നൽകേണ്ടതുണ്ട്. വ്യാപാരികൾക്കുണ്ടായ നഷ്ടം ചൂണ്ടിക്കാണിച്ച് ബാങ്കുകളുടെ സഹകരണത്തോടെ ജില്ലയിലെ വ്യാപാരികളെ പുനരധിവസിപ്പിക്കണമെന്ന് ജില്ലാകളക്ടറോട് സഹായം ആവശ്യപ്പെട്ടിരുന്നു. ഇത് കണക്കിലെടുത്ത് ജില്ലാതല ബാങ്കിങ് യോഗം ചേരുമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. ഒരു പരിധിവരെ വ്യാപാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുവാൻ ഇതുകൊണ്ട് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാങ്കുകൾ വഴി പലിശ ഒഴിവാക്കിയോ, കുറഞ്ഞ പലിശയ്ക്കോ വ്യാപാരികൾക്ക് പണം ലഭ്യമാക്കേണ്ടതുണ്ട്. അതുപോലെ തന്നെ വായ്പ തിരിച്ചടവിന് സാവകാശം നൽകുക മുതലായ കാര്യങ്ങൾ അവലോകനയോഗത്തിൽ ആവശ്യപ്പെട്ടു. എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക് സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നത് വളരെ സന്തോഷമുള്ള കാര്യമാണ്.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# ദുരിതബാധിത സ്കൂളുകൾക്ക് ഒരു കൈ സഹായം

വി. ശശി
ചിറയിൻകീഴ്

### ചിറയിൻകീഴ് മണ്ഡലത്തിൽ നിന്നും മലപ്പുറത്തെ ദുരിതാശ്വാസക്യാമ്പുകളിലേക്ക് പത്തുലക്ഷം രൂപയുടെ പഠനോപകരണങ്ങൾ

പേമാരി പെയ്തുവീഴുന്ന കാഴ്ചകളുടെ നാളുകളാണ് കേരളം അഭിമുഖീകരിച്ചത്. മറ്റൊരു പ്രളയത്തിനും തുടരെയുള്ള ഉരുൾപൊട്ടലുകൾക്കും സാക്ഷിയാകേണ്ടി വന്നപ്പോൾ മനഃസാക്ഷി മരവിച്ചിട്ടില്ലാത്ത കേരളത്തിലെ ജനസമൂഹം ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ വീണ്ടും സന്നദ്ധരായി എന്നതിൽ നമുക്ക് അഭിമാനിക്കാം.

മലപ്പുറത്തും വയനാട്ടിലും കോഴിക്കോടും ഉണ്ടായ ഉരുൾപൊട്ടലുകളാണ് കേരളത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചത്. മണ്ണിനടിയിൽ അകപ്പെട്ട മനുഷ്യരെ തേടിയുള്ള അതിദൈന്യതയാർന്ന അന്വേഷണങ്ങൾ ചരിത്ര ത്തിൽ ഇടം നേടിക്കഴിഞ്ഞു. ദുരിതമനുഭവിക്കുന്നവർക്ക് അഭയമാവുക എന്നത് സ്നേഹവും സാഹോദര്യവും മനുഷ്യത്വവും കൈമുതലാക്കിയിട്ടുള്ള ഏവരുടെയും ദൗത്യമാണ്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിലെ കൊച്ചുകൂട്ടുകാരുടെ നേതൃത്വത്തിൽ നടത്തിയ പഠനോപകരണ ശേഖരണം പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. കാൽ ലക്ഷത്തോളം പഠനോപകരണങ്ങൾ മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാഹരിച്ചു.

പ്രളയ ദുരിതത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ നിന്നും 'പഠനത്തിന് ഒരു കൈത്താങ്ങ്' എം.എൽ.എ. അഭ്യർത്ഥിച്ചപ്പോൾ രണ്ടു ദിവസംകൊണ്ട് പതിനായിരക്കണക്കിന് നോട്ട് പുസ്തകങ്ങളും ബാഗും പേനയും പെൻസിലും മറ്റു പഠനോപകരണങ്ങളും ഉൾപ്പെടുന്ന സാധന സാമഗ്രികളാണ് സ്കൂളുകളിലേക്ക് വിദ്യാർത്ഥികളെത്തിച്ചത്. മണ്ഡലത്തിലെ വിവിധ സർക്കാർ/എയിഡഡ് സ്കൂളുകളിൽ നിന്നും തോന്നയ്ക്കൽ ഹയർസെക്കൻഡറി സ്കൂളിലെ കളക്ഷൻ പോയിന്റിൽ എത്തിച്ച പഠനോപകരണങ്ങൾ വേർതിരിക്കുന്നതിനും വിദ്യാർത്ഥികളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു. പ്രളയത്തിൽ അകപ്പെട്ട സഹപാഠികൾക്ക് സഹായഹസ്തം നൽകുവാൻ വിദ്യാർത്ഥികളും അധ്യാപകരും കാണിച്ച ആത്മാർത്ഥതയാണ് മലപ്പുറത്തെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പത്ത് ലക്ഷത്തോളം രൂപയുടെ പഠനോപകരണങ്ങൾ സമാഹരിച്ച് എത്തിക്കാൻ സഹായകരമായത്.



# മികവിന്റെ കേന്ദ്രമാകാൻ

## കല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ

ടി.വി.രാജേഷ്
കല്യാശ്ശേരി

കല്യാശ്ശേരി കെ.പി.ആർ.ഗോപാലൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 2.5 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടം വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. 15 കോടി രൂപയുടെ വികസന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനകം 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കഴിഞ്ഞ വർഷത്തെ ബജറ്റിൽ വി.എച്ച്.എസ്.സി.യ്ക്ക് പുതിയ കെട്ടിടം പണിയുന്നതിന് 3 കോടി രൂപ അനുവദിച്ചിരുന്നു. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. കിഫ്ബി മുഖേന 3 കോടിയും അനുവദിച്ചിട്ടുണ്ട്. ഇൻകെൽ എന്ന പൊതുമേഖലാ സ്ഥാപനത്തിനാണ് നിർമ്മാണച്ചുമതല. സ്കൂൾ ഗ്രൗണ്ട് നവീകരണം ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രൗണ്ടിന്റെ നവീകരണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന സ്പോർട്സ് വകുപ്പ് അംഗീകാരത്തിനായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ വികസന ഫണ്ടിലേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഡോ.തോമസ് ഐസക് പങ്കെടുത്ത ചടങ്ങിൽ 50 ലക്ഷം രൂപ പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും ചേർന്ന് കൈമാറിയിരുന്നു. അടുത്ത രണ്ടു വർഷം കൊണ്ട് മുഴുവൻ നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താനുള്ള ശ്രമത്തിലാണ് കല്യാശ്ശേരിയിലെ ജനങ്ങൾ.



# വള്ളിക്കുന്നിന് പ്രളയാനന്തര കർമ്മപദ്ധതി

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പ്രളയാനന്തര പുനരുദ്ധാരണത്തിനും ദുരന്തനിവാരണത്തിനുമുള്ള പ്രവർത്തനങ്ങൾക്കായി പ്രത്യേക സമിതി രൂപീകരിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലക്സിൽ ചേർന്ന മണ്ഡലതല ദുരന്തനിവാരണ സമിതിയുടെ പ്രളയ അവലോകനയോഗത്തിലാണ് തീരുമാനമായത്. പ്രളയത്തിൽ ഗ്രാമീണ റോഡുകൾ, കൃഷിഭൂമി, വീടുകൾ, അങ്കണവാടികൾ, പാലങ്ങൾ, കരയിടിഞ്ഞ പുഴയോരങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ 'റീബിൽഡ് വള്ളിക്കുന്ന്' പുനരുദ്ധാരണ പദ്ധതികളിൽ ഉൾപ്പെടുത്തുക, രണ്ടാഴ്ചയ്ക്കുള്ളിൽ സമിതി മാസ്റ്റർപ്ലാൻ തയ്യാറാക്കി ജില്ലാ കളക്ടർ വഴി സർക്കാറിന് സമർപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് യോഗത്തിൽ ധാരണയായത്. യോഗത്തിൽ ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

പ്രളയനാന്തര പുനരുദ്ധാരണത്തിനുള്ള പ്രത്യേക കർമ്മസമിതി 2019 ആഗസ്റ്റ് 27 ന് പ്രഥമ യോഗം ചേർന്നു. പ്രളയബാധിത മേഖലകൾ നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. കാക്കഞ്ചീരി വളവിലെ മണ്ണെടുത്ത സ്ഥലം, പെരുവള്ളൂർ പുതിയത്ത് പെറായി അരീക്കാട്ട് മാട്ടിലെ ചെങ്കൽപാറയിലുണ്ടായ വിള്ളൽ എന്നിവ ജിയോളജിസ്റ്റടങ്ങുന്ന സമിതി പരിശോധിച്ചു. മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളായ പാറക്കടവ്, ചുഴലി, കാര്യാട് എന്നിവിടങ്ങളിൽ പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കും. കരയിടിച്ചിലുണ്ടായ പുഴയോരങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. വൻകിട ജലസേചന വിഭാഗം തയ്യാറാക്കുന്നതാണ്. തോടുകൾ,കൈത്തോടുകൾ എന്നിവയിലെ കയ്യേറ്റങ്ങൾ കണ്ടെത്താൻ പ്രത്യേക റീസർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ട്. മുന്നിയൂർ പഞ്ചായത്തിലെ മുട്ടിച്ചിറയിലെ പൊതുമരാമത്ത് റോഡിലേക്ക് വെള്ളം കയറുന്നത് തടയാൻ ചെമ്മാട്-മുട്ടിച്ചിറ റോഡ് ഉയർത്തുന്നതിന് അന്തിമ തീരുമാനമെടുക്കാൻ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പള്ളിക്കൽ, പെരുവള്ളൂർ, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകളിലൂടെയുള്ള കിഴക്കൻ തോട് ആഴവും വീതിയും കൂട്ടി പുനരുദ്ധരിക്കാൻ ഡി.പി.ആർ. തയ്യാറാക്കും. വെള്ളപ്പൊക്ക ഭീഷണിയുള്ളതിനാൽ തലപ്പാറയിലെ വൈദ്യുതി ട്രാൻസ്ഫോർമർ ഉയർത്തി സ്ഥാപിക്കുന്നതിനും ചുഴലി, പാറക്കടവ്, മൂഴിക്കൽ ഭാഗങ്ങളിൽ കടലുണ്ടിപ്പുഴ കര കെട്ടി സംരക്ഷിക്കുന്നതിനും മൂഴിക്കൽ, തലപ്പാറ തുടങ്ങി പ്രധാന തടയണകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും വെള്ളപ്പൊക്കത്തിൽ തകർന്ന വള്ളിക്കുന്നിലെ ഇരുമ്പോത്തിങ്ങൽ തോട് പാലം പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തിന്റെ സഹായത്തോടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ധാരണയായിട്ടുണ്ട്. തടിയൻ പറമ്പ് കോളനിയിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കാൻ റെയിൽവേ ക്രോസ് ഡ്രൈനേജ് കം പാത്ത് വേ നിർമ്മിക്കാൻ റെയിൽവേയെ സമീപിക്കുവാനും മാതാ പുഴ, ഇരുമ്പോത്തിങ്ങൽ പുഴ പാർശ്വഭിത്തി, കൊളത്തോട് പാർശ്വഭിത്തി എന്നിവ സംരക്ഷിക്കുവാനും പാലത്തിങ്ങൽകാട് റോഡ് ഉയർത്തുവാനും കടലുണ്ടി കടവ് അഴിമുഖം മണൽ വാരി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുവാനും ചേലമ്പ്ര പുല്ലിപ്പുഴ പാർശ്വഭിത്തി കെട്ടുവാനും പുല്ലിക്കടവിൽ ചെക്ക് ഡാമിന് ഡി.പി.ആർ. തയ്യാറാക്കി നൽകുവാനും സിൽക്പാലം പാറയിൽ ഭാഗത്ത് അനുയോജ്യമായ പദ്ധതികൾ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിൽ പ്രളയംമൂലം 37.53 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. 6 വീടുകൾ പൂർണ്ണമായും 104 വീടുകൾ ഭാഗികമായും തകർന്നു.



### ബാലാതിരുത്തി- ചെറിയ തിരുത്തി പാലം ശിലാസ്ഥാപനം

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ബാലാതിരുത്തി- ചെറിയ തിരുത്തി പാലത്തിന്റെ ശിലാസ്ഥാപനം പി.കെ.കുഞ്ഞാലിക്കുട്ടി എം.പി.നിർവ്വഹിച്ചു. വള്ളിക്കുന്ന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 1 കോടി 10 ലക്ഷം രൂപ ചെലവഴിച്ചാണ് പാലം നിർമ്മിക്കുന്നത്.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# അറിവിന്റെ ആകാശത്തിലേക്ക് കുട്ടികൾ .... അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങൾ

കഴക്കൂട്ടം, കുളത്തൂർ സർക്കാർ വിദ്യാലയങ്ങൾക്ക് പുതിയ മുഖം
6 കോടി രൂപ ചെലവിൽ വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്.




കടകംപള്ളി സുരേന്ദ്രൻ
കഴക്കൂട്ടം

കഴക്കൂട്ടം, കുളത്തൂർ ഗവ.ഹയർസെക്കൻഡറി സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മികവിന്റെ കേന്ദ്രമായി സർക്കാർ സ്കൂളുകളെ മാറ്റാനുള്ള ഇടതുമുന്നണി സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് കഴക്കൂട്ടം ഗവ.ഹയർസെക്കൻഡറി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു.

1899 ൽ പ്രവർത്തനമാരംഭിച്ച കഴക്കൂട്ടം സ്കൂളിന്റെ വികസനത്തിന് തടസ്സമായി നിന്നത് ശോച്യാവസ്ഥയിലുള്ള പഴയ കെട്ടിടം മാത്രമല്ല അശാസ്ത്രീയമായി പിന്നീട് പണിത കെട്ടിടങ്ങൾ കൂടിയാണ്. കളിസ്ഥലം ഇല്ലാത്ത സ്കൂളിന് ശാപമോക്ഷം നൽകാൻ തീരുമാനിച്ചപ്പോൾ കുട്ടികൾക്ക് നല്ല ഒരു മൈതാനം കൂടി ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിരുന്നു. പുതിയ സ്കൂൾ മന്ദിരത്തിന്റെ രൂപരേഖയിൽ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയ ബഹുനില മന്ദിരത്തിന് മധ്യത്തിലായി വിശാലമായ മൈതാനം ഉൾപ്പെടുത്തി 5.69 കോടി രൂപയാണ് പുതിയ കെട്ടിട സമുച്ചയത്തിനായി മുതൽമുടക്കുന്നത്. 2019 ൽ പദ്ധതി പൂർത്തിയാകുമ്പോൾ പുതിയ കഴക്കൂട്ടം ഗവ.ഹയർസെക്കൻഡറി സ്കൂൾ സ്വകാര്യ മേഖലയിലെ ഏതൊരു സ്കൂളിനെക്കാളും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളാണ് പ്രദാനം ചെയ്യുക. നല്ല കെട്ടിടത്തിനുള്ളിൽ, പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ പഠിച്ചും കളിച്ചും വളരാൻ നമ്മുടെ കുട്ടികൾക്ക് അവസരമൊരുക്കുന്നതിലൂടെ നല്ലപൗരന്മാരെ വാർത്തെടുക്കാൻ കഴിയും.

കഴക്കൂട്ടം ഹയർസെക്കൻഡറി സ്കൂളിന് പിന്നാലെ കുളത്തൂർ കോലത്തുകര ഗവ.ഹയർ സെക്കൻഡറി സ്കൂളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. അക്കാദമിക രംഗത്തും അടിസ്ഥാന സൗകര്യങ്ങളിലും ഉണ്ടാകുന്ന പുരോഗതി ഒരു നാടിനെയാകെ മാറ്റിയെടുക്കും. കുളത്തൂർ കോലത്തുകര ഗവ.ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ 5.89 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള രൂപരേഖയാണ് തയ്യാറാക്കിയിരിക്കുന്നത്.

### മികവിന്റെ കേന്ദ്രമായി സ്കൂളുകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും ഹൈടെക് ക്ലാസ് മുറികളടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒപ്പം തനതായ വിദ്യാഭ്യാസ പദ്ധതിയും കഴക്കൂട്ടം മണ്ഡലത്തിൽ ആവിഷ്കരിച്ചു. 'പ്രകാശം' സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി ജനങ്ങളാകെ ഏറ്റെടുത്തു.

കാട്ടായിക്കോണം ഗവ. യു.പി.സ്കൂളിന് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചു. ഹൈസ്കൂളായി ഉയർത്താൻ പര്യാപ്തമായ മാസ്റ്റർപ്ലാനാണ് കാട്ടായിക്കോണം ഗവ.യു.പി.എസി.ന് വേണ്ടി തയ്യാറാക്കിയിരിക്കുന്നത്. ഉള്ളൂർ ഗവ.യു.പി.സ്കൂളിന് ഒരു കോടി രൂപ മുടക്കിയാണ് ആധുനിക രീതിയിലുള്ള സ്കൂൾ മന്ദിരം പൂർത്തിയാക്കിയത്. ശ്രീകാര്യം ഗവ.ഹൈസ്കൂളിനായി പത്തു കോടി രൂപയുടെ വികസന പദ്ധതിയാണ് നടപ്പിലാക്കാൻ പോകുന്നത്. കട്ടേല അംബേദ്കർ റസിഡൻഷ്യൽ സ്കൂളിന് മൾട്ടി പർപ്പസ് കോർട്ടിനുവേണ്ടി അൻപത് ലക്ഷം രൂപയും അനുവദിച്ചു.

### ഇനിയെന്ത് പഠിക്കണം

ഇനിയെന്ത് പഠിക്കണമെന്ന ചോദ്യത്തിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉത്തരം നൽകുന്നതിനായി ആവിഷ്കരിച്ച 'പ്രകാശം കരിയർ ഗൈഡൻസ് വർക്ക്ഷോപ്പ് കഴിഞ്ഞ മൂന്നു വർഷങ്ങളിലും വിജയകരമായി നടത്തി. കഴക്കൂട്ടം മണ്ഡലത്തിൽ എസ്.എസ്.എൽ.സി.ക്കും ഹയർ സെക്കൻഡറിക്കും വിജയിച്ച് ഉപരിപഠനത്തിന് അർഹരായ കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്ത കരിയർ ഗൈഡൻസ് വർക്ക്ഷോപ്പ് നയിച്ചത് പ്രശസ്ത കരിയർ ഗുരു ഡോ. പി.ആർ. വെങ്കിട്ടരാമനാണ്. കഴക്കൂട്ടം മണ്ഡലത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി തയ്യാറാക്കിയ പദ്ധതി മറ്റ് ജനപ്രതിനിധികളും മാതൃകയാക്കുകയാണ്. കരിയർ ഗൈഡൻസ് വർക്ക്ഷോപ്പുകൾ വഴി പുതിയ സാധ്യതകളിലൂടെ മുന്നേറാൻ നമ്മുടെ നാട്ടിലെ നൂറുകണക്കിന് കുട്ടികൾക്ക് സാധിച്ചുവെന്നത് ആഹ്ളാദം പകരുന്നു.

### വിദ്യാലയ വാഹനത്തിൽ അക്ഷരമുറ്റത്തേക്ക്

എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ചെലവഴിച്ച് പതിനാല് സർക്കാർ സ്കൂളുകൾക്കായി പതിനേഴ് ബസുകൾ അനുവദിച്ചു. ഓട്ടോറിക്ഷയിൽ ഞെരിഞ്ഞമർന്നും, ബസുകളിൽ തിക്കിലും തിരക്കിലും പെട്ടും കഷ്ടപ്പെട്ട് യാത്ര ചെയ്തിരുന്ന കുട്ടികൾക്ക് അവരുടെ സ്വന്തം സ്കൂൾ ബസിൽ സ്കൂൾ മുറ്റത്ത് എത്താനാണ് ബസുകൾ വാങ്ങി നൽകിയത്. ഏതാനും ബസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റവും സ്ഥാപിച്ചു.





# പുതുചരിത്രമെഴുതി വിദ്യാർത്ഥികളുടെ ജലപാർലമെന്റ്

ഐ. ബി. സതീഷ്
കാട്ടാക്കട

കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥി ജലപാർലമെന്റ് എന്ന ഒരു ആശയം രൂപപ്പെട്ട അന്നുമുതൽ മനസ്സിൽ നിറയെ സംശയങ്ങളും സംഘർഷങ്ങളും ആയിരുന്നു. വിദ്യാർത്ഥി സമൂഹം അത് എങ്ങനെ ഉൾക്കൊള്ളും, എങ്ങനെ സംഘടിപ്പിക്കാനാകും എന്നൊക്കെയുള്ള സംശയങ്ങൾ...... ഒടുവിൽ ആഗസ്റ്റ് 28-ന് ജലപാർലമെന്റ് സംഘടിപ്പിക്കപ്പെട്ടു. രാവിലെ 9 മണി മുതൽ കിള്ളി രാജശ്രീ ആഡിറ്റോറിയത്തിലും സമീപത്തെ പങ്കജകസ്തൂരി കോളേജിലുമായി ഒഴുകി എത്തി വിദ്യാർത്ഥി സമൂഹം. ഓണപ്പരീക്ഷയുടെ ടെൻഷന്റെ വക്കിലായിരുന്നിട്ടുപോലും 509 വിദ്യാർത്ഥികൾ ജലപാർലമെന്റിലും 227 വിദ്യാർത്ഥികൾ ചിത്രരചന - ഉപന്യാസ മത്സരത്തിലുമായി പങ്കെടുത്തു.

രാവിലെ 9.30 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നയപ്രഖ്യാപനത്തോടെ ആരംഭിച്ച ജലപാർലമെന്റിൽ 'വിദ്യാർത്ഥികളും ജലസംരക്ഷണവും', 'വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി', 'ഹരിത കേരളം', 'വികസനവും സംയോജന സാധ്യതകളും' എന്നീ വിഷയങ്ങളിൽ ചോദ്യോത്തരവേള സംഘടിപ്പിച്ചു. ഉപചോദ്യങ്ങളുമായി വിദ്യാർത്ഥി പ്രതിനിധികളും മറുപടികളുമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. റ്റി. എൻ. സീമ, ജില്ലാ കളക്ടർ കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ് എന്നിവരും. തുടർന്ന് 'കേരളത്തിലെ ഭൂവിനിയോഗവും ജലസംരക്ഷണവും' എന്ന വിഷയത്തിൽ ശ്രദ്ധക്ഷണിക്കൽ. മണ്ണ് സംരക്ഷണ - മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർ ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് കെ.പി. സുധീർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡിംബി വി. ദിവാകരൻ, കേരള സർക്കാരിന്റെ വികസന ഉപദേഷ്ടാവ് സി. എസ്. രഞ്ജിത്ത് എന്നിവർ മറുപടി നൽകി. പിന്നീട് 'പ്രകൃതി സംരക്ഷണവും യുവതലമുറയും' എന്ന വിഷയത്തിൽ സബ്മിഷൻ. മറുപടികൾ നൽകിയത് വിക്ടേഴ്സ് ചാനൽ ഡയറക്ടറും കവിയുമായ മുരുകൻ കാട്ടാക്കട, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു, സാക്ഷരതാ മിഷൻ ഡയറക്ടർ പി. എസ്. ശ്രീകല, മണ്ണ് സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഡോ. അനുമേരി ഫിലിപ്പ്, റിട്ട. പ്രിൻസിപ്പൽ ഡോ. സി. പി. അരവിന്ദാക്ഷൻ എന്നിവർ. ഉച്ചയൂണിന് ശേഷമുള്ള സഭാസമ്മേളനത്തിന്റെ ഭാഗമായി 'നാം എങ്ങനെ അതിജീവിക്കും' എന്ന വിഷയത്തിൽ ജി. എസ്. പ്രദീപിന്റെ പ്രത്യേക സെഷൻ. അങ്ങനെ നിയമനിർമ്മാണ സഭയെ അനുസ്മരിപ്പിക്കും വിധം നിരവധി സഭാനടപടിക്രമങ്ങൾ. വാച്ച് ആന്റ് വാർഡുകളായി എസ്.പി.സി, എൻ.സി.സി, എൻ.എസ്.എസ്, ജൂനിയർ റെഡ്ക്രോസ് വിദ്യാർത്ഥി വോളന്റിയർമാർ. എല്ലാം വിദ്യാർത്ഥികളാൽ നിയന്ത്രിതം. കാഴ്ചക്കാരായി അദ്ധ്യാപകരും, രക്ഷകർത്താക്കളും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും.

കവി മുരുകൻ കാട്ടാക്കട 'പക'യെന്ന കവിത ചൊല്ലി മനുഷ്യൻ പ്രകൃതിയോട് കാട്ടുന്ന അതിക്രമങ്ങൾ വരുത്തിവയ്ക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഓർമ്മപ്പെടുത്തി. ജി. എസ്. പ്രദീപ് ആത്മവിശ്വാസം നിറയ്ക്കുന്ന സന്ദേശമാണ് 'നാം എങ്ങനെ അതിജീവിക്കും' എന്ന സെഷനിൽ വിദ്യാർത്ഥികൾക്ക് പകർന്നു നൽകിയത്. മനസ്സുകളിൽ സൃഷ്ടിച്ചത് ഒരു പുതിയ ആവേഗമാണ്. പ്രൗഢഗംഭീരമായ ജലപാർലമെന്റിന്റെ സമാപന യോഗത്തിന്റെ ഉദ്ഘാടകനും സമ്മാനദാതാവുമായി അടൂർ പ്രകാശ് എം.പി.യുമെത്തി. വിശിഷ്ടാതിഥികളായി പത്മശ്രീ ഡോ. ജെ. ഹരീന്ദ്രൻ നായർ, ശുചിത്വമിഷൻ ഡയറക്ടർ മിർ മുഹമ്മദലി ഐ.എ.എസ്, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ശംസുദ്ദീൻ കെ. എച്ച്, ജലസമൃദ്ധി കോ-ഓർഡിനേറ്റർ റോയ് മാത്യു. ആശംസകളുമായി ത്രിതലപഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ സഭാസെക്രട്ടറിയെപ്പോലെ ജലപാർലമെന്റിന്റെ അണിയറ പ്രവർത്തനങ്ങളുമായി ഭൂവിനിയോഗ ബോർഡ് കമ്മീഷണർ നിസാമുദ്ദീനും ടീം ജലസമൃദ്ധിയും ... എന്തുകൊണ്ടും ജലപാർലമെന്റ് കഴിഞ്ഞ് സമാപന യോഗവും പിരിഞ്ഞപ്പോൾ മനസ്സിൽ നിറയെ നിർവൃതിയാണ്.... പൊതുപ്രവർത്തന കാലയളവിലെ ഏറ്റവും തിളക്കമുള്ള ഒരു ദിവസമാണ് പിന്നിട്ടത്.

നിയമനിർമ്മാണ സഭകളിലെ നടപടിക്ര മങ്ങൾ അനായാസേനയാണ് വിദ്യാർത്ഥികൾ സ്വായത്തമാക്കി അവതരിപ്പിച്ചത്... അവരുടെ ഇടപെടലിലും പെരുമാറ്റത്തിലും പരിചയക്കുറവിന്റെ പ്രശ്നങ്ങൾ ഒന്നും കാണാനായില്ല. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച സഭാനേതാവും ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് ഉറപ്പുനൽകിയ പ്രതിപക്ഷ നേതാവു മുതൽ ചോദ്യങ്ങൾ ഉന്നയിച്ച വിദ്യാർത്ഥികൾ വരെ എല്ലാം നിയമനിർമ്മാണ സഭകളിലെ നടപടിക്രമങ്ങൾ ഗൃഹപാഠം ചെയ്ത് മനസ്സിലാക്കി എത്തിയവരാണ്. അതോടൊപ്പം വർത്തമാനകാല പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലം എങ്ങനെയാണ് വിദ്യാർത്ഥിമനസ്സുകളെ വേട്ടയാടുന്നത് എന്നതും അവരുടെ ചോദ്യങ്ങളിൽ പ്രതിഫലിച്ചു. പ്രളയവും വരൾച്ചയും, വരൾച്ചയും പ്രളയവും മാറിമാറി വരുന്ന പ്രകൃതി പ്രതിഭാസങ്ങളിൽ തങ്ങളുടെ ഭാവി മാത്രമല്ല പ്രപഞ്ചത്തിന്റെ നിലനിൽപ്പ് തന്നെ എന്താകും എന്നുള്ള ആകുലതകൾ പോലും പങ്കുവയ്ക്കപ്പെട്ടു.

ജലപാർലമെന്റ് അനിവാര്യമായിരുന്ന ഒരു ഇടപെടലാണ്. കാട്ടാക്കട മണ്ഡലത്തിലെ എല്ലാ ഹൈസ്കൂൾ - ഹയർ സെക്കന്ററി സ്കൂളുകളിലെയും എല്ലാ ഡിവിഷനുകളിൽ നിന്നും ഓരോ വിദ്യാർത്ഥി വീതം പങ്കെടുത്തിരുന്നു. സംവാദം മത്സരത്തിൽ പങ്കാളികളായി ഈ സഭയിലേക്ക് എത്തിയവരുണ്ട്. ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം വഴി അപേക്ഷിച്ച് മണ്ഡലത്തിന് അകത്തും പുറത്തും നിന്നുമുള്ള വിവിധ കോളേജുകളിൽ നിന്ന് എത്തിയവർ... ചിത്ര രചന - ഉപന്യാസ രചനാ മത്സരങ്ങളിൽ വീറോടെ പങ്കെടുത്ത കുരുന്നു കൂട്ടുകാർ ... ഞങ്ങളെക്കാൾ ഏറെ ആവേശത്തിലായിരുന്നു ജലപാർലമെന്റിന് നേതൃത്വം നൽകിയ വിദ്യാർത്ഥികൾ...

വരുംതലമുറയുടെ മനസ്സിൽ ഉണ്ടാകേണ്ട കരുതലിനെ ഓർമ്മപ്പെടുത്തലും, പ്രകൃതി - മണ്ണ് - ജല സംരക്ഷണങ്ങൾക്ക് ചിലതെല്ലാം നമ്മൾ ചെയ്യാനുണ്ട് എന്ന തിരിച്ചറിവും .... അതാണ് കാട്ടാക്കട മണ്ഡലത്തിൽ നടന്ന ജലപാർലമെന്റിന്റെ ബാക്കിപത്രം.

# നിയമസഭാ ടി.വി. യാഥാർത്ഥ്യത്തിലേക്ക്

നിയമസഭാ ടി.വി. സംപ്രേഷണമാരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. സഭാ ടി.വി.യുടെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറി ഡി.ഡി.ഗോഡ്ഫ്രീ അറിവോരത്തോട് സംസാരിക്കുന്നു



### നിയമസഭാ ടിവിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്?

നിയമസഭയ്ക്ക് സ്വന്തമായി ഒരു ചാനൽ ആരംഭിക്കുക എന്നതല്ല, ബഹുമുഖമായ മാധ്യമ ഇടപെടൽ നടത്തുന്നതിന് കേരള നിയമസഭയെ സജ്ജമാക്കുക എന്നതാണ് സഭാ ടിവി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി വിവിധ ടെലിവിഷൻ ചാനലുകളുടെ ടൈം സ്ലോട്ട് എടുത്ത് സഭാ ടിവിയുടെ പരിപാടികൾ സംപ്രേഷണം ചെയ്യാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. 2019 നവംബർ 1-ാം തീയതി സഭാ ടിവിയുടെ പ്രവർത്തനം ലോഞ്ച് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. സഭാ ടിവിയുടെ ഉള്ളടക്കം തീരുമാനിക്കുന്നതിനായി വീണാ ജോർജ്ജ് എം.എൽ.എ അധ്യക്ഷയായി ആറ് എം.എൽ.എ.മാരും പ്രമുഖ മാധ്യമ പ്രതിനിധികളും സാങ്കേതിക വിദഗ്ധരും അടങ്ങുന്ന ഒരു കണ്ടന്റ് ഡവലപ്മെന്റ് കമ്മിറ്റിക്ക് സ്പീക്കർ രൂപം നൽകിയിട്ടുണ്ട്. ഫ്രണ്ട് ലൈൻ/ദി ഹിന്ദു പ്രസിദ്ധീകരണങ്ങളുടെ ബ്യൂറോ ചീഫും സീനിയർ അസോസിയേറ്റ് എഡിറ്ററുമായ വെങ്കിടേഷ് രാമകൃഷ്ണൻ മീഡിയ കൺസൾട്ടന്റായി പ്രവർത്തിക്കുന്നു. സാങ്കേതിക കാര്യങ്ങളിലും മാധ്യമരംഗത്തും പ്രാവീണ്യമുള്ള പ്രിയാ രവീന്ദ്രനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

### നിയമസഭാ ടിവിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

ജനാധിപത്യ പ്രക്രിയയുടെ വൈവിധ്യമാർന്ന ഉള്ളടക്കവും ഭാഗങ്ങളും ക്രിയാത്മകമായി ജനങ്ങൾക്കിടയിൽ എത്തിക്കുക, ക്രിയാത്മകമായ രീതിയിൽ നിയമസഭാ നടപടിക്രമങ്ങളും നിയമനിർമ്മാണ പ്രക്രിയകളും സാമാജികരുടെ പ്രവർത്തനങ്ങളും സംപ്രേഷണം ചെയ്യുന്നതിലൂടെ പ്രേക്ഷകരിൽ വിശിഷ്യാ പുത്തൻ തലമുറയിൽപ്പെട്ടവരിൽ നിയമസഭാ പരിപാടികളിലും നിയമനിർമ്മാണ പ്രക്രിയയിലുമുള്ള താൽപര്യം വളർത്തിക്കൊണ്ടുവന്ന് അവർക്ക് ഭരണഘടനാ മൂല്യങ്ങളിലും ജനാധിപത്യത്തിലുമുള്ള വിശ്വാസം വർദ്ധിപ്പിക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

### സംസ്ഥാന നിയമസഭകളിൽ ആദ്യത്തെ സംരംഭമാണെന്നിരിക്കെ നിയമസഭാ ടി.വി. തുടങ്ങുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ?

ലോക്സഭയ്ക്കും രാജ്യസഭയ്ക്കും സ്വന്തമായി ചാനലുകൾ ഉണ്ട്. എന്നാൽ, സംസ്ഥാന നിയമസഭകൾ ഇതുവരെ സ്വന്തമായി ചാനലുകൾ ആരംഭിച്ചിട്ടില്ല. അങ്ങനെ നോക്കുമ്പോൾ ഇത് ആദ്യത്തെ സംരംഭമായി കണക്കാക്കാവുന്നതാണ്. സഭാ ടി.വി.യുടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിനായി തുടക്കത്തിൽ പുറത്ത് നിന്നുള്ള എക്യുപ്മെന്റ്സും ടാലന്റും ഹയർ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഷൂട്ട് ചെയ്ത കാര്യങ്ങൾ എഡിറ്റ് ചെയ്യുന്നതിന് നിയമസഭാ സമുച്ചയത്തിൽ ഒരു താൽക്കാലിക സ്യൂട്ട് തയ്യാറാക്കുന്നതാണ്. നിയമസഭാ പ്രസ്സിന്റെ ഒരു ഭാഗം സ്റ്റുഡിയോ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 20 ൽ പരം നിയമസഭാ ജീവനക്കാർ വോയിസ്-ഓവർ, ആങ്കറിംഗ്, എഡിറ്റിംഗ്, ഛായാഗ്രഹണം എന്നിവയ്ക്കായി സെലക്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

### ഭാവിയിൽ ഒരു സ്വതന്ത്ര ചാനലായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിവിധ ടെലിവിഷൻ ചാനലുകളിലെ ടൈം സ്ലോട്ട് ലഭ്യമാക്കി സഭാ ടി.വി.യുടെ പരിപാടികൾ സംപ്രേഷണം ചെയ്യുവാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എന്നാൽ ഘട്ടം ഘട്ടമായി സഭാ ടി.വി.യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി ഒരു സമ്പൂർണ്ണ ചാനലായി മാറാൻ കഴിയട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം. മാധ്യമരംഗത്തെ സർവ്വേകളും പഠനങ്ങളും കാണിക്കുന്നത് 15 നും 25 നും ഇടക്ക് പ്രായമുള്ള നല്ലൊരു ശതമാനം ചെറുപ്പക്കാർ സാധാരണ ടെലിവിഷൻ പരിപാടികൾ കാണുന്നില്ല എന്നാണ്. അവർ കൂടുതലായി സമൂഹമാധ്യമങ്ങളെയാണ് ആശ്രയിക്കുന്നത്. ഇക്കാര്യം കണക്കിലെടുത്താണ് സ്പീക്കർ സഭാ ടി.വിയുടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതോടൊപ്പം (Similcast) ഒരു ഇന്റർനെറ്റ് പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി സഭാ ടി.വി.യുടെ പരിപാടികളും നിയമസഭാ നടപടികളും ഓൺലൈൻ/ലൈവ് സ്ട്രീമിങ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

### നിലവിൽ ഏതൊക്കെ ചാനലുകളിലാണ് ടൈംസ്ലോട്ട് ലഭ്യമാക്കി സംപ്രേഷണം ചെയ്യാൻ കരാറിലേർപ്പെട്ടിരിക്കുന്നത്?

സഭാ ടി.വി.യുടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിന് പ്രമുഖ ചാനലുകളുടെ താൽപര്യപത്രം ക്ഷണിച്ചിരുന്നു. അനുകൂല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. ദൂരദർശൻ ചാനലിലും വിക്ടേഴ്സിലും സഭാ ടി.വി. പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ ചാനലുകളും ടൈംസ്ലോട്ട് നൽകാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്.

### പൊതുജനങ്ങൾക്ക് ജനാധിപത്യ വ്യവസ്ഥകളിൽ താൽപര്യം ജനിപ്പിക്കുന്ന രീതിയിലുള്ള എന്തൊക്കെ പരിപാടികളാണ് നിയമസഭാ ടി.വി.യിൽ സംപ്രേഷണം ചെയ്യാനുദ്ദേശിക്കുന്നത്?

'കേരള ഡയലോഗ്', 'സെൻട്രൽഹാൾ', 'ഭരണഘടന അറിയുമ്പോൾ', 'സഭയും സമൂഹവും', 'സ്പെഷ്യൽ പ്രോഗ്രാംസ്' എന്നിങ്ങനെ അഞ്ച് സെഗ്മെന്റുകൾ തയ്യാറാക്കി സംപ്രേഷണം ചെയ്യാനാണ് പ്ലാൻ ചെയ്തിട്ടുള്ളത്. സമീപകാലത്ത് കേരള നിയമസഭ പാസ്സാക്കിയ പ്രധാനപ്പെട്ട ബില്ലുകൾ സംബന്ധിച്ച വിശകലനവും ബിൽ പാസാക്കുന്നതിന് മുൻപും പാസാക്കിയശേഷവും സമൂഹത്തിൽ വരുത്തിയ ഇംപാക്ട് സംബന്ധിച്ച വിശകലനവും ഉൾപ്പെടുന്ന അര മണിക്കൂർ ദൈർഘ്യമുള്ള പരിപാടിയാണ് 'കേരള ഡയലോഗ്'. കേരള മോഡൽ വികസനത്തിന്റെയും കേരള നവോത്ഥാനത്തിന്റേയും ചരിത്രവും ഭാവിയും ഉൾപ്പെടുത്തി എം.ടി.യെപ്പോലുള്ള മഹത് വ്യക്തികളുമായുള്ള ഇന്റർവ്യൂ ആണ് 'സെൻട്രൽ ഹാൾ'. സമൂഹത്തിന് ഭരണഘടനയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി സാമാജികർ മുൻകൈയെടുത്തുകൊണ്ടുള്ള പരിപാടികളാണ് 'ഭരണഘടനയെ അറിയുമ്പോൾ - (We the people)' സെഗ്മെന്റ്. സഭാ നടപടികൾക്ക് പുറമേ മണ്ഡലങ്ങളിലും മറ്റുമുള്ള നിയമസഭാ സാമാജികരുടെ പ്രവർത്തനങ്ങളെ കൂടുതൽ പരിചയപ്പെടുത്തുന്നതിനും സഭയും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ഫലപ്രദമാക്കാനും ഉദ്ദേശിച്ചിട്ടുള്ള പരിപാടിയാണ് 'സഭയും സമൂഹവും'. 'സ്പെഷ്യൽ പ്രോഗ്രാം ' സെഷനിൽ മൺമറഞ്ഞതും നിലവിൽ ജീവിച്ചിരിക്കുന്നതും ദീർഘകാലം പാർലമെന്ററി രംഗത്ത് ഉണ്ടായിരുന്നവരുമായ വ്യക്തികളുടെ സംഭാവനകൾ, മുൻ രാഷ്ട്രപതിമാരുടെ പ്രസംഗങ്ങൾ, ഇന്റർവ്യൂകൾ, അനൗദ്യോഗിക ബില്ലുകളുടെ ചരിത്രം എന്നിവ ഉൾപ്പെടുന്നു.

### നിയമസഭാ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ നിയമസഭാ നടപടികൾ പൂർണ്ണമായും ലൈവ് ടെലികാസ്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിയമസഭാ നടപടികളിൽ ചോദ്യോത്തരവേള എല്ലാ ചാനലുകളിലും ഇപ്പോൾ ലൈവായി കാണിക്കുന്നുണ്ട്. മറ്റു നടപടികൾ നിയമസഭാ വെബ് കാസ്റ്റിംഗിലൂടെയും കാണാൻ കഴിയുന്നുണ്ട്. സഭാ ടി.വി.യിലും ഓൺലൈൻ/ലൈവ് സ്ട്രീമിംഗിലും നിയമസഭാ നടപടികൾ അതേപടി ലൈവ് ടെലികാസ്റ്റ് ചെയ്യുന്നതിനല്ല ഉദ്ദേശിച്ചിട്ടുള്ളത്. സഭാ നടപടികൾ ഒരു തരത്തിലും വിരസമാകാതെ പ്രത്യേകിച്ചും നിയമനിർമ്മാണം പോലുള്ള നടപടികൾ Short content കളായും Long content കളായും പ്രേക്ഷകരിൽ എത്തിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്.

(നിയമസഭാ സെക്രട്ടേറിയറ്റിലെ 1996 ബാച്ച് ഉദ്യോഗസ്ഥനാണ് ഗോഡ്ഫ്രീ ഡി.ഡി.)

## നിയമസഭാ സമുച്ചയത്തിലെ പ്രധാന പരിപാടികൾ



### സ്വാതന്ത്ര്യദിനാഘോഷം

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 2019 ആഗസ്റ്റ് 15-ാം തീയതി രാവിലെ 9.30 ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ നിയമസഭാ സമുച്ചയത്തിൽ ദേശീയ നേതാക്കളുടെ പ്രതിമകളിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി. ചടങ്ങിൽ നിയമസഭാ സെക്രട്ടറിയും ജീവനക്കാരും പങ്കെടുത്തു.

### പൂന്തോട്ടഭൂപടത്തിന്റെ നിയമസഭാമാതൃക

നിയമസഭാപൂന്തോട്ടത്തിൽ ഇനി ഭാരതഭൂപടത്തിന്റെ



ചാരുത. ഭൂപടത്തിന്റെ അരികുകളിൽ ഡുറന്റ ചെടിയുടെ പച്ചപ്പ്. അകത്തളത്തിൽ കളർ റോക്ക് പെബിൾസ് നിറച്ച് ത്രിവർണ്ണപതാകയുടെ പ്രൗഢസൗന്ദര്യം. നടുവിലായി അശോകചക്രം. ആഗസ്റ്റ് 15 ന് ഭാരതത്തിന്റെ എഴുപത്തിമൂന്നാം സ്വാതന്ത്ര്യ ദിനത്തിൽ എഴുപത്തിമൂന്ന് ചെരാതുകൾ കൊളുത്തി സ്പീക്കർ ഭൂപടം നിയമസഭയ്ക്ക് സമർപ്പിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനുള്ളിലെ വടക്കുവശത്തെ നടുമുറ്റത്ത് തറയോടുകൾ ഇളകിയ ഭാഗത്ത് തറയോടുകൾ പുതുതായി ഒട്ടിച്ച് ഭംഗിയാക്കുന്നതിനു പകരം ഭൂപടമെന്ന ആശയത്തിലേയ്ക്ക് എത്തുകയായിരുന്നു. ഭൂപടം കൃത്യമായി രേഖപ്പെടുത്തി ടൈൽ മുറിച്ചുമാറ്റിയശേഷം കോൺക്രീറ്റ് പാളികൾ ഡ്രിൽഹാമർ ഉപയോഗിച്ച് മുറിച്ചുമാറ്റിയാണ് ഇത് തയ്യാറാക്കിയത്. നിയമസഭാ ജീവനക്കാരായ ജൂനൈസ്, അരുൺ തുടങ്ങിയവരുടെയും പൂന്തോട്ട പരിപാലകരുടെയും സഹായം ലഭിച്ചുവെന്ന് അഗ്രികൾച്ചർ ഓഫീസർ സി.ഷെല്ലി പറഞ്ഞു. റോക്ക് പെബിൾസിന്റെയടക്കമുള്ള ചെലവുകൾ വഹിച്ചത് നിയമസഭാ ജീവനക്കാരുടെ കാർഷിക പരിസ്ഥിതി കൂട്ടായ്മയായ ഹരിതക്ലബാണ്.

### സദ്ഭാവനാ ദിനാചരണം

മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ആഗസ്റ്റ് 20 ചൊവ്വാഴ്ച രാവിലെ 11 ന് നിയമസഭാ കോംപ്ലക്സിലെ ബാങ്ക്വറ്റ് ഹാളിൽ ഒത്തുചേർന്നു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



# സഭാസമുച്ചയത്തിലെ പൊൻകതിരുകൾ നിറപുത്തരിക്ക്

നിയമസഭയിൽ കരനെൽകൃഷിക്ക് രണ്ടാം വർഷവും നൂറുമേനി. ഓഗസ്റ്റ് 6 ചൊവ്വാഴ്ച രാവിലെ 10 ന് നടന്ന കൊയ്ത്തുത്സവത്തിൽ നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ വി.ശശി, നിയമസഭാ സെക്രട്ടറി എസ്. വി.ഉണ്ണികൃഷ്ണൻ നായർ, മുൻനിയമസഭാ സെക്രട്ടറി വി.കെ.ബാബു പ്രകാശ്, കേരള നിയമസഭാ ജീവനക്കാരുടെ കാർഷിക പരിസ്ഥിതി കൂട്ടായ്മയായ ഹരിതക്ലബിന്റെ അംഗങ്ങൾ, ഉദ്യോഗസ്ഥർ, നിയമസഭാ പൂന്തോട്ട പരിപാലകർ, കടപ്പനക്കുന്ന് കൃഷിഭവൻ ജീവനക്കാർ, കാർഷിക കർമ്മ സേനാംഗങ്ങൾ എന്നിവർ പങ്കെടുത്തു. നെൽക്കതിർ തിരുവനന്തപുരം കോർപ്പറേഷൻ മേയർക്കുവേണ്ടി നഗരസഭാ വികസനകാര്യ ചെയർമാൻ വഞ്ചിയൂർ പി.ബാബു ഏറ്റുവാങ്ങി.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിറപുത്തരിക്കാവശ്യമായ കതിർ പുത്തരിക്കണ്ടത്ത് പാകമാകാത്തതിനാൽ നിയമസഭാ വളപ്പിലെ നെൽക്കതിർ ഇതിനായി നൽകുകയായിരുന്നു. ഓഗസ്റ്റ് 7 നായിരുന്നു നിറപുത്തരി ഉത്സവം.

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള 'മനുരത്ന' എന്ന ഹ്രസ്വകാല നെൽവിത്താണ് വിതച്ചത്. ജൈവകൃഷി രീതിയാണ് അവലംബിച്ചതെന്ന് അഗ്രികൾച്ചർ ഓഫീസർ സി. ഷെല്ലി പറഞ്ഞു.

അനുസ്മരണം

# "കറുത്തവന്റെ മക്കൾക്ക് അക്ഷരമില്ലെങ്കിൽ വെളുത്തവന്റെ പാടം കൊയ്യാതിരിക്കട്ടെ" - അയ്യൻകാളി



**യു. പ്രതിഭ** എം.എൽ.എ

അയ്യൻകാളിയുടെ സ്മരണയ്ക്ക് കഴിഞ്ഞ ജൂൺ 18 ന് 78 വയസ്സ്. കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താക്കളുടെ നിരയിൽ മുൻപന്തിയിലാണ് അയ്യൻകാളിയുടെ സ്ഥാനം. 1904 ൽ ഒരു നിലത്തെഴുത്തു പള്ളിക്കൂടം അദ്ദേഹം സ്വന്തമായി സ്ഥാപിച്ചു. 1905 ൽ തന്നെ വന്നുകണ്ട അയ്യൻകാളിയോട് ശ്രീനാരായണഗുരു പറഞ്ഞു 'പ്രവർത്തിക്കൂ, പ്രവർത്തിക്കുമ്പോൾ ഒരു സംഘടന വേണം. ഒരു സംഘടനയുണ്ടാക്കി ആളുകളെ കാര്യങ്ങളും ബോധ്യപ്പെടുത്തി അവരുടെ ആവശ്യം നേടിക്കൊടുക്കൂ നിശ്ചയമായും അയ്യൻകാളി വിജയിക്കും' ഇത് അയ്യൻകാളിക്ക് നവോന്മേഷം പകർന്നു.

1907 ൽ സാധുജനപരിപാലന യോഗം സ്ഥാപിച്ചതോടെ അദ്ദേഹം ദളിതരുടെ ശക്തനായ നേതാവായി മാറി. ഉപജാതികൾക്ക് അതീതമായി ചിന്തിക്കുകയും ഹിന്ദുമതത്തിന്റെ ക്രൂരമായ അനാചാരങ്ങളെ ഭൗതികമായി എതിർക്കുകയും ചെയ്തു അയ്യൻകാളി. വിദ്യാഭ്യാസത്തിലൂടെ സമൂഹസ്വാതന്ത്ര്യത്തിലേക്ക് എത്തണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം.

തിരുവനന്തപുരത്തെ വെങ്ങാനൂർ ഗ്രാമത്തിൽ 1863 ആഗസ്റ്റ് 28 ന് ഒരു പുലയ കുടുംബത്തിലായിരുന്നു കാളിയുടെ ജനനം. വസ്ത്രം ധരിക്കാനോ റോഡിലൂടെ നടക്കാനോ വിദ്യാഭ്യാസം നടത്താനോ എന്തിനേറെ മനുഷ്യരായിപ്പോലും പിന്നോക്കവിഭാഗക്കാരെ പരിഗണിക്കാത്ത സാഹചര്യം കാളിക്ക് മുന്നിലുണ്ടായിരുന്നു. ഈ സാഹചര്യമാണ് കാളിയിലെ പോരാട്ടവീര്യത്തെ ഉണർത്തുന്നത്. കാളിയെ അയ്യൻകാളിയാക്കുന്നത്. കൃഷി ചെയ്യാൻ ജന്മിമാർക്കുള്ള ഒരുപകരണം മാത്രമായിരുന്നു



മഹാത്മാ അയ്യൻകാളി

അന്ന് പിന്നോക്കവിഭാഗക്കാർ. പൊതുസ്ഥലങ്ങളിലെല്ലാം പിന്നോക്കവിഭാഗക്കാർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. രോഗബാധിതരായാൽ ഡോക്ടർമാർ തൊട്ട് പരിശോധിക്കില്ല; ഗുളികകൾ എറിഞ്ഞുകൊടുക്കും. പണികഴിഞ്ഞ് വരുന്നവർക്ക് മണ്ണിൽ കുഴികുത്തി അതിൽ ഇല വച്ചാണ് ഭക്ഷണം വിളമ്പിയിരുന്നത്. നീചമായ ഇത്തരം ആചാരങ്ങൾക്കെതിരെ മുപ്പതാം വയസ്സിൽ അയ്യൻകാളി ശബ്ദമുയർത്തി. അതും സ്വന്തം സമുദായത്തിൽ നിന്നുള്ള എതിർപ്പുപോലും അവഗണിച്ച്. തുടക്കത്തിൽ ഒറ്റയ്ക്കായിരുന്ന അദ്ദേഹം പിന്നീട് യുവാക്കളെ സംഘടിപ്പിക്കുകയും അവർക്ക് കായികാഭ്യാസങ്ങൾ നൽകുകയും ചെയ്തു.

1898-99 കാലഘട്ടത്തിൽ ബാലരാമപുരം, കഴക്കൂട്ടം, കണിയാപുരം മുതലായ ഇടങ്ങളിൽ ജന്മിമാർക്കെതിരെ അയ്യൻകാളി നടത്തിയ പോരാട്ടങ്ങളിൽ നിരവധി അധഃസ്ഥിതർക്ക് ജീവൻ നഷ്ടമായെങ്കിലും അത്തരം ജനങ്ങൾക്കിടയിൽ അദ്ദേഹം ആരാധ്യനായി മാറി. തിരുവിതാംകൂറിൽ കർഷകത്തൊഴിലാളികളുടെ ആദ്യത്തെ പണിമുടക്ക് സമരം നയിച്ചത് അയ്യൻകാളിയായിരുന്നു. 1905 ൽ ഒത്തുതീർപ്പായ ഈ പണിമുടക്കു സമരമാണ് പിന്നീട് കേരളത്തിലുടനീളം കർഷകത്തൊഴിലാളി മുന്നേറ്റത്തിന് ഊർജ്ജം പകർന്നതെന്ന് ഗവേഷകർ വിലയിരുത്തുന്നു.

സഞ്ചാരസ്വാതന്ത്ര്യത്തിനായി 1893 ൽ നടത്തിയ വില്ലുവണ്ടി സമരം, ജാതിശാസനകളെ ധിക്കരിക്കാൻ സ്ത്രീകളോട് ആഹ്വാനം ചെയ്ത 'കല്ലുമാല സമരം', മേൽ വസ്ത്രം ധരിച്ച് നടക്കാൻ



നടത്തിയ ആഹ്വാനം എന്നിവയും അയ്യൻകാളിക്ക് ദളിതരുടെ അനിഷേധ്യനേതാവെന്ന പേരുനൽകി. 1911 ഡിസംബർ 5 ന് അയ്യൻകാളിയെ ശ്രീമൂലം പ്രജാസഭയിൽ അംഗമായി നാമനിർദ്ദേശം ചെയ്തു. പ്രജാസഭയിൽ 1912 ഫെബ്രുവരി 27 ന് ചെയ്ത കന്നി പ്രസംഗത്തിൽ തന്റെ ആളുകൾക്ക് സ്വന്തമായി മണ്ണില്ലാത്തതിൽ വീടുവയ്ക്കാൻ മണ്ണു വേണമെന്ന ആവശ്യം അദ്ദേഹം ഉന്നയിച്ചു. ഇതിനെത്തുടർന്ന് വിളപ്പിൽ പകുതിയിൽ 500 ഏക്കർ സ്ഥലം സാധുജനങ്ങൾക്ക് പതിച്ചുനൽകാൻ സർക്കാർ ഉത്തരവിട്ടു. 25 വർഷം അദ്ദേഹം പ്രജാസഭാംഗമായിരുന്നു. അക്കാലമത്രയും പിന്നോക്ക വിഭാഗക്കാരുടെ അവശതകൾ പരിഹരിച്ചു കിട്ടുവാൻ പരിശ്രമിച്ചുപോന്നു. സാധുജനങ്ങൾക്ക് നീതികിട്ടുന്നതിനായി വെങ്ങാനൂരിൽ ഒരു കുടുംബകോടതി അദ്ദേഹം സ്ഥാപിച്ചു. 'അയ്യൻകാളി കോടതി' എന്നാണ് അതറിയപ്പെട്ടിരുന്നത്. 1907 ൽ സാധുജനപരിപാലനയോഗം രൂപീകരിച്ചു. 1914 ൽ പിന്നോക്ക ശിശുക്കൾക്ക് വിദ്യാലയപ്രവേശം അനുവദിച്ചുകൊണ്ട് തിരുവിതാംകൂർ മഹാരാജാവ് ഉത്തരവിറക്കുകയും കടുത്ത എതിർപ്പുകൾ അവഗണിച്ചുകൊണ്ട് അയ്യൻകാളി ഒരു പുലയപെൺകുട്ടിയെ ഊരൂട്ടമ്പലത്തെ സ്കൂളിൽ ചേർക്കുകയും ചെയ്തു. 1941 ജൂൺ 18 ന് അന്തരിക്കുന്നതുവരെയും അയ്യൻകാളി കർമ്മനിരതനായിരുന്നു.

ആ മഹത് ജീവിതത്തിന്റെ സ്മരണ നിലനിർത്തി വെങ്ങാനൂരിൽ അദ്ദേഹത്തിന്റെ ശവകുടീരവും പ്രതിമയും ചരിത്രസ്മാരകമായി സംരക്ഷിച്ചുപോരുന്നു.



# വിക്ടോറിയ ജൂബിലി ഹാൾ ഇനി അയ്യൻകാളി ഹാൾ

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന വിക്ടോറിയ മഹാറാണിയുടെ ഭരണത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് ലോകത്തെമ്പാടുമുള്ള ബ്രിട്ടീഷ് കോളനികളിൽ സ്മാരകങ്ങൾ ഉണ്ടായി. അതിലൊന്നാണ് തിരുവനന്തപുരത്തെ വി.ജെ. ടി. ഹാൾ. കേരള ചരിത്രത്തിൽ അവിസ്മരണീയമായ അനേകം മുഹൂർത്തങ്ങൾക്കു സാക്ഷ്യം വഹിച്ച ഈ മന്ദിരം 123 വർഷം പിന്നിടുമ്പോൾ അധഃസ്ഥിത വർഗ്ഗത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന അയ്യൻകാളിയുടെ പേരിലാണ് അറിയപ്പെടുക.

1896 ജനുവരി 25 ന് വി.ജെ.ടി. ഹാൾ ശ്രീമൂലം തിരുനാൾ മഹാരാജാവ് ഉദ്ഘാടനം ചെയ്തു. ഗാന്ധിജി, രവീന്ദ്രനാഥ ടാഗോർ, വൈസ്രോയി കഴ്സൺ പ്രഭു തുടങ്ങിയവർ ഇവിടെ സന്നിഹിതരായിട്ടുണ്ട്. ആദ്യകാലത്ത് കലാ സാംസ്കാരിക പരിപാടികളുടെ അരങ്ങേറ്റം ഈ മന്ദിരത്തിലായിരുന്നു. 1904 ഒക്ടോബർ 22 മുതൽ 1938 വരെ തിരുവിതാംകൂർ നിയമനിർമ്മാണ സഭ ഇവിടെയാണ് സമ്മേളിച്ചത്. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന അയ്യൻകാളി, അധഃസ്ഥിതർക്ക് പൊതുവഴിയിലൂടെ നടക്കാനും നല്ല വസ്ത്രം ധരിക്കാനും കുട്ടികൾക്ക് പഠിക്കാനുമുള്ള അവകാശങ്ങൾക്കായി നടത്തിയ പ്രസംഗങ്ങൾ പ്രതിധ്വനിച്ച മന്ദിരം ഇനി ആ ചരിത്രപുരുഷന്റെ പേരിൽ അറിയപ്പെടും.

# ഉദ്ഘാടനത്തിന്റെ നാട മുറിച്ച് ഒരു ശവമഞ്ചം






ഇത്തിക്കരയിലെ പഴയ പാലം



ശവമഞ്ചം കടത്തിവിട്ട് ഒരു പാലം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരുപക്ഷെ ഇന്ത്യയിൽ തന്നെ ഇങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ട ഒരു പാലം മറ്റൊന്നുണ്ടാവില്ല. നാഷണൽ ഹൈവേ കടന്നു പോകുന്ന കൊല്ലം ജില്ലയിലെ ഇത്തിക്കര പാലമാണ് ഇപ്രകാരം ചരിത്രത്തിലിടം നേടിയത്.

അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്ന ടി.കെ.ദിവാകരന്റെ വലിയ ഒരു സ്വപ്നം ആയിരുന്നു ഇത്തിക്കരയിലെ പുതിയ പാലം. അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ തന്നെ പാലം പണി തുടങ്ങുകയും പൂർത്തിയാക്കുകയും ചെയ്തു. 1976 ജനുവരി 20 ചൊവ്വാഴ്ച പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കാൻ തീരുമാനിച്ചു. ഉദ്ഘാടകനായി മന്ത്രി ടി.കെ.ദിവാകരനെ നിശ്ചയിച്ചു. എന്നാൽ ഉദ്ഘാടനതീയതിക്ക് ഒരാഴ്ച മുൻപ് അദ്ദേഹം രോഗബാധിതനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഉദ്ഘാടനദിനത്തിന്റെ തലേന്ന് അദ്ദേഹം മരണമടഞ്ഞു.

ഉത്സവലഹരിയിലായിരുന്ന ഇത്തിക്കര പ്രദേശം ശോകമൂകമായി. മറ്റാരെയെങ്കിലും കൊണ്ട് ഉദ്ഘാടനം നടത്താനുള്ള ആലോചനകൾ നടന്നു. പക്ഷെ ജനങ്ങൾ ഒന്നടങ്കം അതിനെ എതിർത്തു. പാലത്തിനായി അശ്രാന്ത പരിശ്രമം നടത്തിയ തങ്ങളുടെ പ്രിയപ്പെട്ട ടി.കെ.യുടെ ശവമഞ്ചം വഹിച്ചുകൊണ്ടുള്ള വാഹനം പാലത്തിലൂടെ കടന്നുപോയി ഉദ്ഘാടനം നടക്കട്ടെ എന്നായി നാട്ടുകാർ.

പാലത്തിനു കുറുകേ കെട്ടിയ കറുപ്പു നാടയെ ഭേദിച്ചുകൊണ്ട് 1976 ജനുവരി 20 ന് ടി.കെ.യുടെ മൃതശരീരം വഹിച്ചുകൊണ്ടുള്ള വാഹനം ഇത്തിക്കര പുതിയ പാലത്തിലൂടെ കടന്നുപോയി. പാലം ഉദ്ഘാടനം ചെയ്യപ്പെട്ടു. Opened for traffic on 20.01.1976 with the passage of the cortege of Shri.T.K.Divakaran എന്ന് രേഖപ്പെടുത്തിയ ശിലാഫലകം ഇത്തിക്കര പാലത്തിൽ ഇപ്പോഴുമുണ്ട്.

ട്രേഡ് യൂണിയൻ നേതാവും വാഗ്മിയുമായിരുന്ന ടി.കെ. ദിവാകരൻ ഇ.എം.എസ് മന്ത്രിസഭയിലും സി.അച്യുത മേനോൻ മന്ത്രിസഭയിലും അംഗമായിരുന്നു. കേരള സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ ടി.കെ. പിന്നീട് ആർ.എസ്.പി. യിൽ ചേർന്നു.

1952 ലും 1954 ലും കൊല്ലത്തെ പ്രതിനിധീകരിച്ച് തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു.

## പുതിയ ഗവണർമാർ



**ഭഗത് സിംഗ് കോഷ്യാരി**
മഹാരാഷ്ട്ര



**ബന്ധാരു ദത്താത്രേയ**
ഹിമാചൽപ്രദേശ്



**കൽരാജ് മിശ്ര**
രാജസ്ഥാൻ



**തമിഴിസൈ സൗന്ദരരാജൻ**
തെലങ്കാന



# കെ.സി.ജോസഫ് ഔദ്യോഗിക ഭാഷാ സമിതിയിലേക്ക്

കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയിലുണ്ടായ ഒഴിവിലേയ്ക്ക് കെ.സി.ജോസഫിനെ നാമനിർദ്ദേശം ചെയ്തു. സമിതിയിലെ അംഗമായിരുന്ന അനിൽ അക്കര അംഗത്വം 2019 ജൂൺ 27 പ്രാബല്യത്തിൽ രാജിവച്ചതിനെ തുടർന്നാണ് നാമനിർദ്ദേശമുണ്ടായത്. 2021 മെയ് വരെയാണ് ഇ.എസ്.ബിജിമോൾ അദ്ധ്യക്ഷയായ സമിതിയുടെ കാലാവധി.

### നിയമസഭാ സമുച്ചയത്തിൽ ഗസ്റ്റ് ഹൗസ്;

# താൽപര്യപത്രം ക്ഷണിച്ചു

നിയമസഭാ സമുച്ചയത്തിനകത്ത് പ്രീ-ഫാബ്രിക്കേഷൻ ടെക്നോളജി ഉപയോഗിച്ച് ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചു. തറനിരപ്പിന് താഴെ രണ്ട് നിലകൾ ഉൾപ്പെടെ നാല് നിലകളിലായി 1507 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനാണ് താൽപര്യപത്രം ക്ഷണിച്ചത്.

### ദക്ഷിണാഫ്രിക്കയിലെ നിയമനിർമ്മാണ സഭയിൽ അംഗമായി മലയാളിയായ
## അനിൽകുമാർ കേശവപിള്ള



ദക്ഷിണാഫ്രിക്കയിലെ കിഴക്കൻ കേപ് പ്രവിശ്യയിൽ നടന്ന നിയമനിർമ്മാണ സഭാംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ 44 അംഗങ്ങളിൽ ഒരാളായി മലയാളിയായ അനിൽകുമാർ കേശവപിള്ള തെരഞ്ഞെടുക്കപ്പെട്ടു. അഞ്ച് വർഷമാണ് നിയമനിർമ്മാണസഭയുടെ കാലാവധി. കിഴക്കൻ കേപ് പ്രവിശ്യയിൽ നിയമനിർമ്മാണസഭാംഗമായി എത്തുന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് തിരുവല്ല സ്വദേശിയായ അനിൽകുമാർ. സൗത്ത് ആഫ്രിക്കൻ ഡെമോക്രാറ്റിക് ടീച്ചേഴ്സ് യൂണിയന്റെ വിവിധ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനും ട്രഷററുമായിരുന്നു.

## സർട്ടിഫിക്കറ്റ് കോഴ്സ് അഞ്ചാമത് ബാച്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു


അനില. ആർ
ഒന്നാം റാങ്ക്


അഹിജിത്ത്. ബി. ലാൽ
രണ്ടാം റാങ്ക്


ഗീതു പ്രകാശ്
മൂന്നാം റാങ്ക്


ദേവി പ്രിയ. ആർ. ജി
മൂന്നാം റാങ്ക്

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന "സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യർ" കോഴ്സിന്റെ അഞ്ചാമത് ബാച്ചിന്റെ ഫലം പ്രസിദ്ധീകരിച്ചു. 89.78% പേർ വിജയം നേടി. 58.53% പേർ ഫസ്റ്റ് ക്ലാസ്സും, 37.39% പേർ സെക്കന്റ് ക്ലാസ്സും കരസ്ഥമാക്കി. തിരുവനന്തപുരം സ്വദേശി അനില ആർ. 89% മാർക്കോടെ ഒന്നാം റാങ്കും, തൃശ്ശൂർ സ്വദേശി അഹിജിത്ത് ബി. ലാൽ 85% മാർക്കോടെ രണ്ടാം റാങ്കും, തിരുവനന്തപുരം സ്വദേശികളായ ദേവിപ്രിയ ആർ. ജി, ഗീതു പ്രകാശ് എന്നിവർ 84% മാർക്കോടെ മൂന്നാം റാങ്കിനും അർഹരായി.

പാർലമെന്റിലെയും നിയമസഭയിലെയും നടപടിക്രമങ്ങളെക്കുറിച്ചും ജനാധിപത്യസംവിധാനങ്ങളെക്കുറിച്ചുമുള്ള അറിവ് സമൂഹത്തിലെത്തിക്കുകയും അതിലൂടെ ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളനിയമസഭയിൽ 2014-ലാണ് ഈ കോഴ്സ് ആരംഭിച്ചത്. പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയായി നിശ്ചയിച്ചിരിക്കുന്ന കോഴ്സിൽ സമൂഹത്തിലെ നാനാതുറകളിൽപ്പെട്ടവർ പഠിതാക്കളാകുന്നുണ്ട്. സമ്പർക്ക ക്ലാസുകൾ, നിയമസഭാ ലൈബ്രറിയിൽ റഫറൻസ് സൗകര്യം, സഭാനടപടികൾ നേരിട്ടുകാണുന്നതിനുള്ള അവസരം തുടങ്ങി വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പഠിതാക്കളുടെ സൗകര്യാർത്ഥം കോഴിക്കോട്ടും തിരുവനന്തപുരത്തും സമ്പർക്ക ക്ലാസുകളും കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളും സജ്ജമാക്കുന്നുണ്ട്.

# നിയമസഭാ മാധ്യമ അവാർഡ് പ്രഖ്യാപിച്ചു


ജോണി ലൂക്കോസ്


കെ. രാജേന്ദ്രൻ


വിനു മോഹൻ


സീജി ജി. എസ്


രേഖാ ചന്ദ്ര


എസ്. എൻ. ജയപ്രകാശ്

കേരള നിയമസഭയുടെ 2019 ലെ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. മൂന്ന് വിഭാഗങ്ങളിലായി ദൃശ്യ-അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേകമായി ആറ് അവാർഡുകളാണ് നൽകുന്നത്. 68 എൻട്രികൾ അവാർഡ് നിർണ്ണയത്തിനായി പരിഗണിച്ചു. മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തിപകരുന്ന മാധ്യമസൃഷ്ടിക്കുള്ള ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന് അച്ചടി മാധ്യമ വിഭാഗത്തിൽ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച ജോണി ലൂക്കോസിന്റെ "ചില മലയാളം കഥകൾ" എന്ന സൃഷ്ടി അർഹമായി. ദൃശ്യ മാധ്യമ വിഭാഗത്തിൽ മനോരമ ന്യൂസ് സംപ്രേഷണം ചെയ്ത "പടയണിക്കാലം" എന്ന ഡോക്യുമെന്ററിക്ക് വിനു മോഹൻ അവാർഡിന് അർഹനായി. അന്വേഷണാത്മക മാധ്യമപ്രവർത്തനത്തിന് നൽകുന്ന ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് അച്ചടി മാധ്യമ വിഭാഗത്തിൽ സമകാലിക മലയാളം വാരികയിൽ പ്രസിദ്ധീകരിച്ച "മാന്തോപ്പുകളിലെ വിഷമരണങ്ങൾ" എന്ന സൃഷ്ടിക്ക് രേഖാ ചന്ദ്രയും, ദൃശ്യമാധ്യമ വിഭാഗത്തിൽ കൈരളി പീപ്പിൾ ടി.വി സംപ്രേഷണം ചെയ്ത "ബുള്ളറ്റ്, പെല്ലറ്റ്, ടെർമൈറ്റ്...... സംഘർഷ മേഖലയിലെ കുട്ടികളിലൂടെ" എന്ന സൃഷ്ടിക്ക് കെ. രാജേന്ദ്രനും അർഹരായി.

നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗിനുള്ള ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് അച്ചടി മാധ്യമ വിഭാഗത്തിൽ മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിച്ച "കരുണയോടെ സഭ" എന്ന രചനയ്ക്ക് എസ്. എൻ. ജയപ്രകാശിനും, ദൃശ്യ മാധ്യമ വിഭാഗത്തിൽ മാതൃഭൂമി ന്യൂസ് സംപ്രേഷണം ചെയ്ത വിവിധ നിയമസഭാ വാർത്തകൾക്ക് സീജി ജി. എസിനും ലഭിച്ചു. അൻപതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. ഡോ. ജെ. പ്രഭാഷ്, ആർ. എസ്. ബാബു, ഡോ. സെബാസ്റ്റ്യൻ പോൾ, ജേക്കബ് ജോർജ്ജ്, ഡോ. ഖദീജ മുംതാസ്, സി. ജോസ് എന്നിവരടങ്ങിയ ജൂറിയാണ് അവാർഡിന് അർഹരായവരെ തെരഞ്ഞെടുത്ത്.

### ഇതര സഭാവാർത്തകൾ

# ഒരേ സമയം രണ്ട് സഭാധ്യക്ഷൻമാർ

രണ്ട് സഭാധ്യക്ഷൻമാരുമായി സഭ നടന്ന അപൂർവ്വത തമിഴ്നാട് നിയമസഭയ്ക്ക് അവകാശപ്പെട്ടതാണ്. സ്പീക്കറെ തൽസ്ഥാനത്ത് നിന്നും നീക്കിയിട്ടും അദ്ദേഹം ഇരിപ്പിടം ഒഴിയാൻ തയ്യാറാകാതെ വന്നപ്പോഴാണ് ഇപ്രകാരം സംഭവിച്ചത്. 1972 ഡിസംബർ 2-ാം തീയതി ചോദ്യോത്തരവേള അവസാനിച്ചയുടൻ സ്പീക്കർ കെ.എ. മതിയഴഗൻ ഡി.എം.കെ സർക്കാരിനെതിരെയുള്ള ഒരു അവിശ്വാസ പ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുത്തു. സഭാ നേതാവായ വി. ആർ. നെടുഞ്ചെഴിയൻ സ്പീക്കർക്കെതിരെ നോട്ടീസ് നൽകിയ അവിശ്വാസ പ്രമേയം ആദ്യം പരിഗണിക്കണമെന്നും അതുവരെ ഡെപ്യൂട്ടി സ്പീക്കർ ആധ്യക്ഷ്യം വഹിക്കണമെന്നും ആവശ്യപ്പെട്ടു. സർക്കാരിനെതിരെയുള്ള അവിശ്വാസപ്രമേയം പരിഗണനക്കെടുത്തുകഴിഞ്ഞെന്നും സഭാ നേതാവിന്റെ ആവശ്യം അനുവദിക്കാനാവില്ലെന്നും സ്പീക്കർ അറിയിച്ചു. ബഹളത്തിനിടയിൽ ഡി.എം.കെ. അംഗം എൻ.വീരസ്വാമി സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചു. സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം പരിഗണിക്കുമ്പോൾ അദ്ദേഹം ആധ്യക്ഷ്യം വഹിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 181 പ്രകാരം അനുവദിക്കാനാവില്ലെന്ന് സഭാനേതാവ് അറിയിച്ചു. ഡെപ്യൂട്ടി സ്പീക്കറെ ആധ്യക്ഷ്യം വഹിക്കാൻ ചുമതലപ്പെടുത്തി സഭാനേതാവ് അവതരിപ്പിച്ച പ്രമേയം ബഹളത്തിനിടെ സഭ അംഗീകരിച്ചു. ഉടൻതന്നെ സ്പീക്കറുടെ ഡയസിനുമുന്നിലായി സജ്ജീകരിച്ച ഇരിപ്പിടത്തിൽ ഇരുന്ന് ഡെപ്യൂട്ടി സ്പീക്കർ സഭാനടപടികൾ നിയന്ത്രിക്കാൻ ആരംഭിച്ചു. പ്രതിപക്ഷ ബഹളത്തിനിടെ ഡെപ്യൂട്ടി സ്പീക്കർ


1969 ലെ കരുണാനിധി മന്ത്രിസഭ ഗവർണറോടൊപ്പം.
നിൽക്കുന്നവരിൽ ഇടതുനിന്ന് ആദ്യം കെ.എ. മതിയഴഗൻ

നടപടികളുമായി മുന്നോട്ട് പോയി. സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയം വോട്ടിനിടുകയും പാസായതായി പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാരിനെതിരെയുള്ള അവിശ്വാസ പ്രമേയം പരിഗണനക്കെടുക്കുന്നതായുള്ള സ്പീക്കറുടെ വാക്കുകൾ ഡെപ്യൂട്ടി സ്പീക്കർ സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു. ഇതേസമയം സർക്കാരിനെതിരെയുള്ള അവിശ്വാസ പ്രമേയ ചർച്ചയുമായി സ്പീക്കർ മുന്നോട്ട്പോയി. ഒരേ സമയം സമാന്തര സഭാനടപടികൾ 100 മിനിട്ട് നീണ്ടുനിന്നു. സഭ പിരിയുന്നതായി പ്രഖ്യാപിച്ച് സ്പീക്കറും പ്രതിപക്ഷ അംഗങ്ങളും സഭയ്ക്ക് പുറത്തേക്ക് പോയി. ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാ സമ്മേളനം 40 മിനിട്ട് നേരം കൂടി തുടർന്നു. സ്പീക്കറെ നീക്കം ചെയ്തതായും അദ്ദേഹത്തിന്റെ ചുമതലകൾ ഡെപ്യൂട്ടി സ്പീക്കർക്ക് ഏൽപ്പിച്ചുകൊടുത്തതായും അറിയിച്ച് അസാധാരണ ഗസറ്റ് വിജ്ഞാപനം അന്നുരാത്രിതന്നെ പുറത്തിറങ്ങി. ഡിസംബർ 3-ാം തീയതി പത്രക്കാരെ കണ്ട കെ.എ. മതിയഴഗൻ താൻ തന്നെയാണ് സ്പീക്കറെന്ന് പ്രഖ്യാപിച്ചു.

ഡിസംബർ നാലിന് ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ ചേർന്നപ്പോൾ പ്രധാന പ്രതിപക്ഷ പാർട്ടികളുടെ അംഗങ്ങളാരും സഭയിലെത്തിയില്ല. ഹാജരാകാത്തവരുടെ പട്ടികയിൽ ഡിസംബർ 3-ലെ സ്പീക്കറും ഉൾപ്പെടുന്നു.

# നിർമ്മാണരീതികളിൽ പൊളിച്ചെഴുത്ത് നിർദ്ദേശിച്ച് നിയമസഭാ പരിസ്ഥിതി സമിതി

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന് മുല്ലക്കര രത്നാകരൻ എം.എൽ.എ. അധ്യക്ഷനായ നിയമസഭാ പരിസ്ഥിതി സമിതി ശിപാർശ ചെയ്തു. പ്രളയത്തിന്റെ പരിസ്ഥിതി ആഘാതത്തെ സംബന്ധിച്ച റിപ്പോർട്ടിലാണ് നിർദ്ദേശം.

'നവകേരളനിർമ്മാണ' പദ്ധതി ആസൂത്രണ ഘട്ടത്തിൽത്തന്നെ പരിസ്ഥിതി ആഡിറ്റിന് വിധേയമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഗൃഹനിർമ്മാണത്തിന്റെ കാര്യത്തിൽ "എന്തും എവിടെയും എങ്ങിനെയും" എന്ന അലസവും പ്രകൃതിവിരുദ്ധവുമായ നിലപാടിനു പകരം 'എന്ത്, എങ്ങിനെ, എവിടെ' എന്ന് നിയമംമൂലം വ്യവസ്ഥ ചെയ്യുന്ന സമീപനരീതി സ്വീകരിക്കേണ്ടതുണ്ടെന്ന സമിതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ വരുമാന സ്രോതസ്സിന് ആനുപാതികമായി ഗൃഹനിർമ്മാണ ചെലവ്, വീടിന്റെ പരമാവധി തറവിസ്തൃതി, വലിപ്പം, നിർമ്മാണ വസ്തുക്കൾ എന്നിവ നിയമം മൂലം വ്യവസ്ഥ ചെയ്യുക, നിർമ്മാണരീതികൾ പ്രകൃതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മോഡുലാർ ഭവനങ്ങൾ പോലെയുള്ള ഭവനനിർമ്മാണ പദ്ധതികൾക്ക് രൂപം നൽകുക, നിർമ്മാണ മേഖലയിൽ സിമന്റിന്റെയും, കമ്പിയുടെയും ഉപയോഗം കുറച്ച് പ്രാദേശിക നിർമ്മാണ വസ്തുക്കൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതിനായി ബോധവൽക്കരണം നടത്തുകയും ചെയ്യുക, കേരളത്തിന്റെ ഭൂപ്രകൃതി, ഭൂമിയുടെ ലഭ്യത, വർദ്ധിച്ചു വരുന്ന ജനപ്പെരുപ്പം, ജനസാന്ദ്രത എന്നിവ പരിഗണിച്ച് സമഗ്രമായൊരു പാർപ്പിടനയം രൂപീകരിക്കുക എന്നിവ സമിതി ശിപാർശകളാണ്.

മലയോര പ്രദേശങ്ങളിൽ സമതല പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായ നിർമ്മാണ രീതികൾ സ്വീകരിക്കുക, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ എന്നിവയിൽ പ്രകൃതി സൗഹൃദ നിർമ്മാണരീതി നടപ്പിലാക്കാൻ നിയമനിർമ്മാണം നടത്തുക, ഭൂമിയുടെ ഉപയോഗം പരമാവധി കുറച്ച് കൂടുതൽ ഭൂമി നിലനിർത്തുന്നതിന് സഹായകമായ കെട്ടിടനിർമ്മാണശൈലി പ്രോത്സാഹിപ്പിക്കുക, വിനോദസഞ്ചാരം പ്രകൃതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ടൂറിസം, ഫാം ടൂറിസം, ഉത്തരവാദിത്ത ടൂറിസം തുടങ്ങിയ പദ്ധതികൾ പരിഷ്കരിക്കുക, പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര നയവും മാതൃകയും രൂപീകരിക്കുക, പാറ, മണൽ തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം, ഖനനം എന്നിവ നിയമം മൂലം വ്യവസ്ഥ ചെയ്യുക തുടങ്ങിയ നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാവസ്ഥയ്ക്ക് അനുയോജ്യമായ പ്രകൃതി സൗഹൃദ റോഡ് നിർമ്മാണ നയം നടപ്പിലാക്കുക, ശക്തമായ മഴയെ അതിജീവിക്കാനുള്ള റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ തേടുക, സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി അതോറിറ്റി രൂപീകരിക്കുക, ഡിജിറ്റൽ സാറ്റലൈറ്റ് മാപ്പിംഗ് നടത്തി സംസ്ഥാനത്തെ കുളങ്ങളുടെ പട്ടിക തയ്യാറാക്കുക, കുളങ്ങളിലെ കൈയ്യേറ്റങ്ങൾ തടയുക, കേന്ദ്ര ജലകമ്മീഷന്റെ നിബന്ധനയനുസരിച്ചുള്ള പ്രളയ മാപ്പിംഗ് ഫലപ്രദമായി നടപ്പിലാക്കുക, കാലാവസ്ഥാ പ്രവചനം, മുന്നറിയിപ്പ്, ദുരന്തനിവാരണ സംവിധാനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക മുതലായ ശ്രദ്ധേയമായ നിർദ്ദേശങ്ങളടങ്ങിയതാണ് സമിതിയുടെ പതിനാറാമത് റിപ്പോർട്ട്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മലയിടിച്ചിൽ മേഖലകളെ കുറിച്ച് പഠിച്ച് നടപടി സ്വീകരിക്കുക, നദീതീരങ്ങൾ കയ്യേറ്റമുക്തമാക്കുക, നദികളുടെയും കായലുകളുടെയും സംരക്ഷണത്തിന് പ്രാദേശിക സമിതികൾ രൂപീകരിക്കുക, അനാവശ്യ ബണ്ട് നിർമ്മാണം ഒഴിവാക്കുക, സ്ഥിരമായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുട്ടനാട്, തീരപ്രദേശം എന്നിവിടങ്ങളിലെ ജനങ്ങൾക്കായി സ്ഥിരം പുനരധിവാസ സംവിധാനം ഒരുക്കുക, പ്രളയാനന്തരം മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റം കണക്കിലെടുത്ത് പ്രത്യേക പഠനം നടത്തി പരിഹാരനടപടികൾ സ്വീകരിക്കുക, മണ്ണിടിച്ചിൽ സാധ്യതയുള്ള ഭാഗങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കാതിരിക്കുക ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലും സംബന്ധിച്ച് ഹൈഡ്രോളജി വിഭാഗം വിദഗ്ദ്ധ പരിശോധന നടത്തുക എന്നിങ്ങനെ സംസ്ഥാനത്തെ പരിസ്ഥിതിയും ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നതിനുള്ള സുപ്രധാന നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. 2019 ജൂലൈ 4 ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് ശിപാർശകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.



## പ്രളയ ദുരിതാശ്വാസം - മാതൃകയായി എം.എൽ.എ. മാർ



2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന കേരള ജനതയെ എല്ലാവിധത്തിലും സഹായിക്കാൻ നമ്മുടെ ജനപ്രതിനിധികൾ മുൻപന്തിയിൽ ഉണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ സന്ദർശനം നടത്തി ക്യാമ്പുകളിൽ കഴിയുന്ന ദുരിതബാധിതരുടെ പ്രശ്നങ്ങൾ യഥാസമയം ഉദ്യോഗസ്ഥന്മാരെ അറിയിച്ച് പരിഹാരം കാണുന്നതിനോടൊപ്പം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ മന്ത്രിമാരും പ്രതിപക്ഷനേതാവും എം.എൽ.എ.മാരും മുന്നോട്ടു വന്നത് ശ്രദ്ധേയമായി. ആർഭാടങ്ങളെല്ലാം ഒഴിവാക്കി മകന്റെ വിവാഹച്ചെലവിലേക്ക് നീക്കിവച്ച അഞ്ച്ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ തളിപ്പറമ്പ് എം.എൽ.എ. ജെയിംസ് മാത്യുവിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും പ്രവർത്തനം ഏവർക്കും മാതൃകയായി.



# നവീകരണത്തിന്റെ പാതയിൽ നിയമസഭാ മ്യൂസിയം

പൈതൃക മന്ദിരത്തിന്റെ സംരക്ഷണം, ഇ.എം.എസ്. സ്മൃതി സജ്ജീകരണം, ഗാന്ധിസ്മൃതിയുടെ വിപുലീകരണം, സമഗ്ര മ്യൂസിയം നവീകരണം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നിയമസഭാ മ്യൂസിയം നവീകരണത്തിന്റെ പാതയിലാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന മ്യൂസിയം ഉപദേശക സമിതി ചെയർമാൻ ജോൺ ഫെർണാണ്ടസ് എം.എൽ.എ 'അറിവോര'ത്തോട് സംസാരിക്കുന്നു.

**സംരക്ഷിത പൈതൃക മ്യൂസിയങ്ങളിൽ ഒന്നാണല്ലോ കേരള നിയമസഭാ മ്യൂസിയം. അങ്ങ് ചെയർമാനായശേഷം നിയമസഭാ മ്യൂസിയത്തിന്റെ പരിഷ്കരണത്തിനായി സ്വീകരിച്ച പ്രധാന നടപടികൾ?**

ഭാരതത്തിലെ നിയമനിർമ്മാണസഭകളിൽ സ്വന്തമായി ഒരു മ്യൂസിയമുള്ളത് കേരള നിയമസഭയ്ക്ക് മാത്രമാണ്. മണിപ്പൂർ നിയമസഭയിൽ ഒരു മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്നതായി അറിയുന്നു. ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ കേരളനിയമസഭയുടെ അഭിമാനസ്തംഭമാകേണ്ട ഒരു സ്ഥാപനമാണ് നിയമസഭാ മ്യൂസിയം.

നിയമസഭാ മ്യൂസിയത്തിന്റെ പൈതൃക മന്ദിരം തനിമ നിലനിർത്തി പുനരുദ്ധാരണം നടത്തുന്നതിന്റെ ആദ്യ ഘട്ടം പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. അറ്റകുറ്റപ്പണികളും സംരക്ഷണ പ്രവൃത്തികളും സംസ്ഥാന പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തി വരുന്നത്. മ്യൂസിയത്തിൽ വരുത്തേണ്ട നവീകരണത്തെക്കുറിച്ച് പഠിക്കുന്നതിനായി മ്യൂസിയം ഉപദേശക സമിതി ഇന്ത്യയിലെ പ്രമുഖ മ്യൂസിയങ്ങൾ സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്പീക്കർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇ.എം.എസ്. സ്മൃതി സജ്ജീകരണവുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഗാന്ധിസ്മൃതി കൂടുതൽ വിജ്ഞാനപ്രദമാകുന്ന രീതിയിൽ പരിഷ്കരിക്കുവാനുള്ള നടപടികളും ഏറ്റെടുത്തു വരുന്നു. മറ്റൊരു പ്രധാന പദ്ധതിയാണ് സമഗ്ര മ്യൂസിയം നവീകരണം. കേരള മ്യൂസിയം സൊസൈറ്റിയുമായി ബന്ധപ്പെട്ട് മ്യൂസിയം നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ധാരണയായിട്ടുണ്ട്.

**നിയമസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി നിയമസഭാ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ എപ്രകാരം മെച്ചപ്പെടുത്താമെന്നാണ് കരുതുന്നത്?**

നിയമസഭ ജനങ്ങളുടെ സഭയാണ്. സഭയും ജനങ്ങളും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് സഭയുടെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തേണ്ടത് അനിവാര്യമാണ്. നിയമസഭാ മ്യൂസിയം ജനാധിപത്യത്തിന്റെ പൈതൃക സ്മൃതികളുറങ്ങുന്ന സ്മാരകമാണ്. നമ്മുടെ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിലെ വൈവിധ്യവും ചലനാത്മകതയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പകർന്നു നൽകുവാൻ മ്യൂസിയത്തിന് കഴിയും. 60 വർഷത്തിലധികമായി നടന്നുവരുന്ന നിയമനിർമ്മാണങ്ങളിലൂടെ



നവീകരിച്ച നിയമസഭാ മ്യൂസിയം

കേരള സമൂഹത്തിലുണ്ടായ മാറ്റവും വികാസവും പ്രതിഫലിക്കുന്നതാകണം നിയമസഭാ മ്യൂസിയം. സന്ദർശകർക്ക് വിജ്ഞാനമേകുന്നതോടൊപ്പം അവരുടെ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതും അവബോധം ഉളവാക്കുന്നതുമായ നിലവാരത്തിലേക്ക് മ്യൂസിയം ഉയരേണ്ടതുണ്ട്.

ലോകമെമ്പാടും മ്യൂസിയങ്ങൾ തീം ബേസ്ഡ് ആയിക്കൊണ്ടിരിക്കുകയാണ്. 'ജനാധിപത്യത്തിന്റെ വികാസപരിണാമങ്ങൾ- ഇന്നത്തെ കേരളം രൂപപ്പെടുത്തുന്നതിൽ നിയമസഭയുടെ പങ്ക്' എന്ന തീം ഉദ്ഘോഷിക്കുന്ന ഒരു ശ്രേഷ്ഠ സ്ഥാപനമായി നിയമസഭാ മ്യൂസിയത്തെ വളർത്തിയെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. മൺമറഞ്ഞ നേതാക്കളെക്കുറിച്ചും പൊതുപ്രവർത്തകരെ സംബന്ധിച്ചുമുള്ള വിലപ്പെട്ട അറിവുകളും രേഖകളും മ്യൂസിയത്തിന് നൽകുവാൻ പൊതുസമൂഹം തയ്യാറാവണം. ജില്ലാ തലത്തിൽ കൂടുതൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചും മൊബൈൽ മ്യൂസിയം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കിയും പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്.

**നിയമസഭയുടെ 'സഞ്ചരിക്കുന്ന മ്യൂസിയം' കൂടുതൽ പ്രയോജനകരമാക്കുന്ന കാര്യം?**

വിദ്യാലയങ്ങളും ഗ്രാമീണ ലൈബ്രറികളുമായി ബന്ധപ്പെട്ടും സന്നദ്ധ സംഘടനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും സാംസ്കാരിക സമ്മേളനങ്ങൾ, മേളകൾ, ഉത്സവങ്ങൾ എന്നിവയോട് അനുബന്ധിച്ചും റെസിഡന്റ്സ് അസോസിയേഷനുകളുമായി ബന്ധപ്പെട്ടും കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**'സമഗ്ര മ്യൂസിയം നവീകരണം' പദ്ധതിയെക്കുറിച്ചുള്ള വിലയിരുത്തൽ?**

നിയമസഭാ മ്യൂസിയത്തിലെ ഗാന്ധി സ്മൃതി വിഭാഗം നവീകരിക്കുന്നതുൾപ്പെടെയുള്ള സമഗ്ര മ്യൂസിയം നവീകരണ പ്രവർത്തനങ്ങൾ, സംസ്ഥാന മ്യൂസിയം, ആർക്കിയോളജി വകുപ്പുകളുടെ നോഡൽ ഏജൻസിയായ കേരള മ്യൂസിയം സൊസൈറ്റിയെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനു വേണ്ടി നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം ഉപദേശക സമിതി സന്ദർശിക്കുകയും കേരള മ്യൂസിയം സൊസൈറ്റിയുടെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തു. അതേത്തുടർന്ന് സമഗ്ര മ്യൂസിയം നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു കേരള മ്യൂസിയം സൊസൈറ്റിയെ ചുമതലപ്പെടുത്തി. കേരള മ്യൂസിയം സൊസൈറ്റി, മ്യൂസിയം നവീകരണത്തിനായി തെരഞ്ഞെടുത്ത കൺസൾട്ടന്റുമായി ചർച്ച നടത്തുകയും മ്യൂസിയം സ്റ്റോറി തയ്യാറാക്കിയ ശേഷം വീണ്ടും യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**'ഇ.എം.എസ്. സ്മൃതി' പദ്ധതിയെക്കുറിച്ച് ?**

ഐക്യകേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയും രാഷ്ട്രീയം, ചരിത്രം, തത്വചിന്ത തുടങ്ങി കേരള സംസ്കാരത്തിന്റെ വിവിധ മേഖലകളെ അഗാധമായി സ്വാധീനിച്ച നേതാവുമാണ് ഇ.എം.എസ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ വിവിധ തലങ്ങൾ സർഗ്ഗാത്മകമായി ആവിഷ്കരിക്കുന്ന വിധം ഇ.എം.എസ്. സ്മൃതി നിയമസഭാ മ്യൂസിയത്തിൽ തയ്യാറാക്കുകയെന്നത് ഏറെ പ്രതീക്ഷയർപ്പിക്കുന്ന പദ്ധതിയാണ്. ന്യൂസ് 18 ചാനലിലെ ശരത് ചന്ദ്രൻ വിശദമായ പ്രോജക്ട് തയ്യാറാക്കി നൽകുകയും തുടർനടപടികൾ നടന്നു വരികയുമാണ്.

**ചരിത്ര സ്മാരകങ്ങളുടെ പൈതൃക നിർമ്മാണ സവിശേഷതകൾ പരിഗണിക്കാതെ പുത്തൻ നിർമ്മിതികൾക്കാണ് നമ്മുടെ സാങ്കേതിക വിദഗ്ദ്ധർ മിക്കപ്പോഴും പ്രാമുഖ്യം നൽകുന്നത്. അത്തരമൊരു സാഹചര്യത്തിൽ പൈതൃക മ്യൂസിയം തനിമ നഷ്ടപ്പെടുത്താതെ സംരക്ഷിക്കുന്നത് സംബന്ധിച്ച്?**

പൈതൃക സ്മാരകങ്ങൾ തനിമയോടെ നിലനിർത്തുകയെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുമ്പോൾ അവയുടെ തനിമയും പൗരാണിക മൂല്യവും നഷ്ടപ്പെടരുത്. പുതിയ നിർമ്മിതികളോടൊപ്പം പഴമയും സംസ്കാരവും നിലനിർത്തുന്ന പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകേണ്ടതുണ്ട്.

നം. 04/2019 ഒക്ടോബർ 2019 | തിരുവനന്തപുരം
അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

## വിജ്ഞാനപഥം

പാർലമെന്റേറിയൻമാരുടെ കൃതികൾ

1. 'Keeping the Faith' ആരുടെ കൃതിയാണ്?

**സോംനാഥ് ചാറ്റർജി**

2. 'The Coalition Years' എഴുതിയത്?

**പ്രണബ് മുഖർജി**

3. Matters of discretion' ഏത് മുൻപ്രധാനമന്ത്രിയുടെ ആത്മകഥയാണ്?

**ഐ.കെ.ഗുജ്റാൾ**

4. "My Country, My Life' എന്ന പുസ്തകമെഴുതിയത്?

എൽ. കെ. അദ്വാനി

5. 'One life is not enough' എഴുതിയ മുൻ വിദേശകാര്യമന്ത്രി?

കെ. നട്‌വർ സിംഗ്

6. ആരുടെ ആത്മകഥാപരമായ കുറിപ്പുകളാണ് 'Waiting for a Visa'?

**ഡോ. ബി. ആർ. അംബേദ്കർ**

7. 'പിന്നിട്ട വഴികൾ' - എഴുതിയത്?

ഇ. കെ. നായനാർ

8. 'സ്മരണയുടെ ഏടുകൾ' - ആരുടെ കൃതിയാണ്?

സി. അച്യുതമേനോൻ

9. 'കൊഴിഞ്ഞ ഇലകൾ' - ആരുടെ ആത്മകഥയാണ് ?

ജോസഫ് മുണ്ടശ്ശേരി

10. 'കേരളം - മണ്ണും മനുഷ്യനും' - എന്ന പുസ്തകം എഴുതിയത്?

ഡോ. ടി.എം. തോമസ് ഐസക്

11. 'പൊരുതുന്ന പാലസ്തീൻ' - എന്ന യാത്രാവിവരണം രചിച്ചത്?

**എ. സുജനപാൽ**

12. 'അന്ധേരെ സെ ഉജാലേ കീ ഓർ' (from darkness towards light) എഴുതിയ മുൻ ധനകാര്യമന്ത്രി?

അരുൺ ജെയ്റ്റ്ലി




ചരിത്രപഥം

# ഔദ്യോഗിക മുദ്ര – ചരിത്രവഴികളിലൂടെ

വാഴ്ചയുടെയും അധികാരത്തിന്റേയും പ്രതീകമായി ഔദ്യോഗിക മുദ്രകൾ ഉപയോഗിച്ചിരുന്നുവെന്ന് ചരിത്രത്താളുകൾ അടയാളപ്പെടുത്തുന്നു. കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു വളരെ മുമ്പു തന്നെ നാട്ടുരാജ്യങ്ങളിൽ മുദ്രകൾ ഉണ്ടായിരുന്നു. പന്ത്രണ്ടാം ശതകത്തിന്റെ ആരംഭത്തിൽ ഒരു സ്വതന്ത്ര രാജ്യത്തിന്റെ പദവിയിലെത്തിയ വേണാട് പതിനാറാം നൂറ്റാണ്ടോടെ തൃപ്പാപ്പൂർ, ഇളയിടത്തു, ദേശിംഗനാട്, പേരകം തുടങ്ങി പല ശാഖകളായി വെവ്വേറെ ഭരണാധികാരികളുടെ കീഴിലായി. അതിൽ തൃപ്പാപ്പൂർ സ്വരൂപം പിൽക്കാലത്ത് തിരുവിതാംകൂർ ആയി മാറി. ആധുനിക തിരുവിതാംകൂറിന്റെ സ്രഷ്ടാവെന്നറിയപ്പെടുന്ന മാർത്താണ്ഡവർമ്മ 1729 ൽ തിരുവിതാംകൂറിന്റെ ഭരണാധികാരമേറ്റെടുക്കുന്നതുവരെ തൃപ്പാപ്പൂർ സ്വരൂപത്തിന്റെ കുടുംബ ചിഹ്നമായ ശംഖായിരുന്നു ഔദ്യോഗിക മുദ്രയായി ഉപയോഗിച്ചിരുന്നത്. അതിനുശേഷം മാർത്താണ്ഡവർമ്മ രാജമുദ്ര പരിഷ്കരിച്ചു.

1881 മുതലാണ് തിരുവിതാംകൂറിൽ സർക്കാർ രേഖകളിൽ ആദ്യമായി ഔദ്യോഗിക മുദ്ര ഉപയോഗിച്ചു തുടങ്ങിയത്. ഇല കൊണ്ട് തീർത്ത





രാജമുദ്ര ഉപയോഗിച്ചിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. പെരുമ്പടപ്പു സ്വരൂപത്തിലെ പരമ്പരാഗത മുദ്രയിലെ കുലീനത, സമൃദ്ധി, ക്ഷേമം, ജ്ഞാനം എന്നിവയുടെ പ്രതീകങ്ങളായ പല്ലക്ക്, കുട, വിളക്ക്, ശംഖ് എന്നീ നാല് ബിംബങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു അത്. ഈ മുദ്ര പരിഷ്കരിച്ചാണ് 1795 ൽ ശക്തൻ

ഡച്ചുകാരും, പോർച്ചുഗീസുകാരും അവരവരുടേതായ ഔദ്യോഗിക മുദ്രകൾ ഉപയോഗിച്ചിരുന്നു.

ചങ്ങലവട്ടം, ഉടവാൾ, വാകപ്പൂവ് എന്നിവ അടങ്ങുന്ന ചിഹ്നമായിരുന്നു മലബാറിലെ പുരാതന രാജവംശമായ മൂഷക വംശത്തിന്റെ രാജമുദ്ര. പിന്നീട് സാമൂതിരിമാർ രാജമുദ്ര പരിഷ്കരിക്കുകയും എല്ലാ ഔദ്യോഗിക എഴുത്തുകുത്തുകളിലും അത് ഉപയോഗിക്കുകയും ചെയ്തു.

1949 ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണശേഷം തിരു-കൊച്ചിയുടേതായ ഔദ്യോഗികമുദ്ര നിലവിൽ വന്നു. നടുവിൽ അശോക ചക്രവും മുകളിൽ ശംഖും അവയെ ഇരു വശത്തുനിന്നും തുമ്പിക്കൈ ഉയർത്തി ആശീർവദിക്കുന്ന രണ്ട് ആനകളും താഴെ തിരുവിതാംകൂർ കൊച്ചി എന്നെഴുതിയ കമാനവുമായാണ് തിരു-കൊച്ചിയുടെ ഔദ്യോഗിക മുദ്ര രൂപപ്പെടുത്തിയത്. 1957-ൽ കേരള സംസ്ഥാന രൂപീകരണശേഷമുള്ള ആദ്യ സർക്കാർ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റപ്പോൾ ഔദ്യോഗിക മുദ്രയിലും മാറ്റം വരുത്തി. അതുവരെ ഔദ്യോഗിക മുദ്രകൾ പലപ്പോഴും പരിഷ്കരണത്തിന് വിധേയമായെങ്കിലും അടിസ്ഥാനപരമായി മാറ്റങ്ങൾ ഉണ്ടായിരുന്നില്ല. സംസ്ഥാന രൂപീകരണത്തിനു ശേഷം 1958-ൽ

നേതൃത്വത്തിലുള്ള സർക്കാർ ഔദ്യോഗിക മുദ്രയിൽ പരിഷ്കാരങ്ങൾ വരുത്തി. ഇതിനായി ഒരു സമിതി രൂപീകരിക്കുകയും സമിതിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആദ്യകാല മുദ്രകളോട് കൂടുതൽ സാദൃശ്യം ഉള്ള പുതിയ മുദ്ര രൂപപ്പെടുത്തുകയും ചെയ്തു. അന്നുവരെ ഉപയോഗിച്ചിരുന്നതും 1958-ൽ നിലവിൽവന്നതുമായ മുദ്രയിൽ ചെറിയ മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ചതാണ് നിലവിലെ കേരള പോലീസിന്റെ ഔദ്യോഗിക ചിഹ്നം.

2011-ൽ ഔദ്യോഗിക ഭാഷാകമ്മീഷന്റെ ശിപാർശ പ്രകാരം മുദ്രയുടെ താഴെ ആലേഖനം ചെയ്തിരിക്കുന്ന 'സത്യമേവ ജയതേ' എന്ന ആപ്തവാക്യം ദേശീയ ചിഹ്നത്തിന്റെ താഴെവരുന്ന രീതിയിൽ ഔദ്യോഗിക മുദ്ര പരിഷ്കരിച്ചു.

കേരള സർക്കാരിന്റെ ഔദ്യോഗിക മുദ്രയ്ക്ക് സമാനമായ മുദ്രകൾ പല വകുപ്പുകളും സ്ഥാപനങ്ങളും ഉപയോഗിക്കുന്നുണ്ട്. വ്യവസായ വകുപ്പ്, കേരള സ്പോർട്സ് കൗൺസിൽ, കെ.എസ്.ആർ.ടി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം ഇത്തരത്തിൽ ഔദ്യോഗിക മുദ്രയ്ക്ക് സമാനമായ ചിഹ്നങ്ങളാണ് ഉപയോഗിക്കുന്നത്.

മുദ്രകൾ ഒരു വംശത്തിന്റെയോ രാജ്യത്തിന്റെയോ അധികാരചിഹ്നമായാണ്



1881



1899



1902



1908


1915


1945



1949



1952



1957



1961



2011

മാലയ്ക്കു നടുവിൽ ശ്രീപത്മനാഭന്റെ ശംഖും അവയെ തുമ്പിക്കൈ ഉയർത്തി ഇരുവശത്തുനിന്നും ആശീർവദിക്കുന്ന രണ്ട് ആനകളുമായിരുന്നു തിരുവിതാംകൂറിന്റെ രാജമുദ്ര. തിരുവിതാംകൂറിൽ 1899, 1908, 1915, 1945 എന്നീ വർഷങ്ങളിൽ ഔദ്യോഗിക മുദ്രയിൽ മാറ്റങ്ങൾ വന്നു.

കൊച്ചി രാജവംശത്തിലും

തമ്പുരാൻ കൊച്ചി രാജ്യത്തിനായി ഔദ്യോഗിക മുദ്ര ആവിഷ്കരിച്ചത്. ഇത് പിന്നീട് ബ്രിട്ടീഷുകാർ കൊച്ചിയുടെ ഔദ്യോഗിക ചിഹ്നമായി അംഗീകരിച്ചു. തുമ്പിക്കൈ ഉയർത്തി നിൽക്കുന്ന രണ്ട് ആനകളും മുകളിലായി കൊച്ചി രാജാവിന്റെ കിരീടവും ഉൾപ്പെടുത്തി 1902 ൽ രാമവർമ്മ മഹാരാജാവ് രാജമുദ്ര പരിഷ്കരിച്ചു. അതിനും മുൻപ് കൊച്ചിയിൽ ആധിപത്യം സ്ഥാപിച്ച

നിലവിൽ വന്ന മുദ്രയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിരുന്നു. രണ്ട് വശങ്ങളിലായി നിൽക്കുന്ന ആനകൾക്ക് പകരം നേരെ നിൽക്കുന്ന ഒരാനയും അതിനിരുവശങ്ങളിലുമായി ഓരോ തെങ്ങും ശംഖുമുദ്രയും മുകളിൽ അശോകസ്തംഭവും അടങ്ങുന്നതായിരുന്നു പരിഷ്കരിച്ച മുദ്ര.

1961-ൽ പട്ടം താണുപിള്ളയുടെ

ഉപയോഗിച്ചിരുന്നത്. സ്വതന്ത്രമായൊരു അസ്തിത്വം അതിപ്രാചീനകാലം മുതലേ കേരളത്തിലെ നാട്ടുരാജ്യങ്ങൾ പുലർത്തിയിരുന്നു എന്നത് സുവ്യക്തം. ഭാരത ചരിത്രത്തിന്റെ ഒരു ഭാഗമായാണ് കേരളത്തിന്റെ ചരിത്രം നിലനിൽക്കുന്നതെങ്കിലും കേരളം വേറിട്ടൊരു സംസ്കാരം പുലർത്തിയിരുന്നതായി മുദ്രകളുടെ ചരിത്രം വ്യക്തമാക്കുന്നു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ
നം. 04/2019 ഒക്ടോബർ | തിരുവനന്തപുരം


നിയമസഭാ പ്രസംഗങ്ങളിലൂടെ....

# 1957ലെ കേരള കർഷകബന്ധബിൽ

**കേരള ചരിത്രത്തിൽ നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് 1957 ഡിസംബർ 21 ന് കെ. ആർ. ഗൗരി കേരള നിയമസഭയിൽ അവതരിപ്പിച്ച കേരള കർഷകബന്ധ ബിൽ. കേരളത്തിന്റെ ഭൂവുടമസ്ഥതയും ഭൂവിതരണവും സമഗ്രവും സമൂലവുമായി പൊളിച്ചെഴുതുന്നതിന് കാരണമായി എന്നതാണ് കേരള ചരിത്രത്തിൽ ഈ ബില്ലിന്റെ സ്ഥാനം. ജന്മി കുടിയാൻ വ്യവസ്ഥയിലും പാട്ടക്കരാർ വ്യവസ്ഥയിലും വന്ന മാറ്റം ആധുനിക കേരളത്തിന്റെ സാംസ്കാരിക ഉന്നതിക്ക് ആക്കം കൂട്ടി.**

"സർ, ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. കേരളത്തിലെ ഭൂവുടമബന്ധങ്ങളിൽ സമഗ്രവും സമൂലവുമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ ബിൽ ഇന്നത്തെ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി കൃഷിഭൂമി കൃഷിക്കാരന് എന്ന നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ മൗലികമായ മുദ്രാവാക്യം നടപ്പിലാക്കാനുള്ള സംരംഭമാണ് ഇതിനുള്ളത്. കൃഷിചെയ്യുന്ന കർഷകർക്കു സ്ഥിരാവകാശം, കുടിയാനു മര്യാദപ്പാട്ടം, ഭൂവുടമസ്ഥതയ്ക്കു പരിധി നിർണ്ണയിക്കുക, കൃഷിക്കാർക്കു അവർ കൈവശം വയ്ക്കുന്ന ഭൂമി ജന്മികളുടെ കയ്യിൽ നിന്ന് ന്യായമായി പ്രതിഫലം കൊടുത്ത് വിലയ്ക്കു വാങ്ങുവാൻ അധികാരം നൽകുക ഇവയെല്ലാം കൂടി ഉൾക്കൊള്ളുന്ന നിയമനിർമ്മാണം എന്ന നിലയ്ക്കു നമ്മുടെ സ്റ്റേറ്റിലെ ഭൂവുടമബന്ധ നിയമനിർമ്മാണത്തിന്റെ ചരിത്രത്തിൽ ഇത് ഒരു അതിപ്രധാനമായ നാഴികക്കല്ലാണ്.



കേരളത്തിലെ ഭൂപരിഷ്ക്കാര നിയമങ്ങൾക്കു ദീർഘമായ ഒരു ചരിത്രമുണ്ട്. ജന്മികൾക്കു യഥേഷ്ടം ഒഴിപ്പിക്കാനും പാട്ടം പിരിക്കാനും ഉണ്ടായിരുന്ന സ്വേച്ഛാധികാരത്തെ പടിപടിയായി നിയന്ത്രിക്കുകയും യഥാർത്ഥ കൃഷിക്കാർക്കു കൂടുതൽ കൂടുതൽ സംരക്ഷണം നൽകുകയും ചെയ്യാനുള്ള ഒരു പരിശ്രമത്തിന്റെ ചരിത്രമാണത്. 1929-ലെ മലബാർ കുടിയായ്മ നിയമം, 1934-ലെ കൊച്ചി വെറുംപാട്ടം കുടിയാൻ നിയമം, 1950-ലെ തിരുവിതാംകൂർ-കൊച്ചി വിധിനടത്തു നിറുത്തിവയ്ക്കൽ നിയമം, കുടിയൊഴിപ്പിക്കൽ നിരോധനനിയമം, 1954-ലെ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റ് അവതരിപ്പിച്ച കാർഷിക പരിഷ്ക്കാരബില്ലുകൾ, 1957-ലെ ഒഴിപ്പിക്കൽ നിരോധനനിയമം ഇവയെല്ലാം ഈ അവസരത്തിൽ സ്മരണീയങ്ങളാണ്.

കാർഷികപരിഷ്ക്കാരത്തിന്റെ പരമപ്രാധാന്യം ഞാൻ പ്രത്യേകം എടുത്തുപറയേണ്ടതില്ല. ഒന്നാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ ഇൻഡ്യയിലെ പ്ലാനിംഗിൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കാർഷിക പരിഷ്ക്കരണകാര്യത്തിൽ സംസ്ഥാനങ്ങൾ മുൻഗണന നൽകണമെന്ന് ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. പരിഷ്ക്കാരത്തിന്റെ ദേശീയലക്ഷ്യം ഭക്ഷണത്തിൽ കമ്മിയായ നമ്മുടെ രാജ്യം സ്വയംപര്യാപ്തതയിൽ എത്തുകയും രാജ്യത്തിന്റെ വ്യവസായവളർച്ചയ്ക്ക് ആവശ്യമായ വിളകൾ വർദ്ധിപ്പിച്ച് രാജ്യത്തിലെ മൗലികപ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നുള്ളതാണ്.



ഈ ബില്ലിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. സ്ഥിരാവകാശം:കൃഷിക്കാർ പാട്ടത്തിന് എടുത്തു കൃഷിചെയ്യുന്ന ഭൂമിയിൽ സ്ഥിരാവകാശം കിട്ടുക എന്നതാണ് നമ്മുടെ പ്രധാന ആവശ്യം. ഇന്ന് നമ്മുടെ സ്റ്റേറ്റിൽ നിലവിലുള്ളതും ഇതിനുമുൻപ് അവതരിപ്പിക്കപ്പെട്ടതുമായ നിയമനിർമ്മാണങ്ങളിൽ എല്ലാവിഭാഗം കുടിയാന്മാരെയും ഉൾക്കൊള്ളിക്കുകയോ, അവർക്കെല്ലാം സ്ഥിരാവകാശം നൽകപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ, ഈ ബില്ലിൽ യാതൊരു പരിത:സ്ഥിതിയിലും സ്ഥിരം കുടിയാന്മാരെ ഒഴിപ്പിക്കാൻ പാടില്ലാ എന്നു വ്യവസ്ഥചെയ്തിരിക്കുകയാണ്. കാണം, കുഴിക്കാണം, കാണംകുഴിക്കാണം, കസ്റ്റമറി വെറുംപാട്ടം, മലബാറിൽ 1957 ഏപ്രിൽ പതിനൊന്നിനുമുൻപ് അഞ്ചുകൊല്ലം തുടർച്ചയായി വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്നതായിട്ടുള്ള പാട്ടം, സ്റ്റേറ്റിന്റെ മറ്റു ഭാഗങ്ങളിൽ 1957 ഏപ്രിൽ പതിനൊന്നിനുമുൻപ് പത്തുകൊല്ലം തുടർച്ചയായി ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന പാട്ടക്കാർ, കുടിയിരിപ്പുകാർ ഇവരെല്ലാം യാതൊരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലാത്ത സ്ഥിരം കുടിയായ്മകളാണ്. സ്ഥിരം കുടിയാന്മാരല്ലാത്തവരെപ്പോലും കുടികിടപ്പുകാരെയും ഒഴിപ്പിക്കാനുള്ള ജന്മിയുടെ അവകാശം പരമാവധി പരിമിതപ്പെടുത്തിയിട്ടുണ്ട്.

2. മര്യാദപ്പാട്ടം: ബില്ലിന്റെ മറ്റൊരു പ്രധാന തത്വം, കുടിയാൻ കൊടുക്കേണ്ടതായിട്ടുള്ള മര്യാദപ്പാട്ടത്തിന്റെ ഏറ്റവും കൂടുതൽ തോതും ചുരുങ്ങിയ തോതും ബില്ലിലെ ഒന്നാം പട്ടികയായി ചേർത്തിട്ടുണ്ട്. കൃഷിക്കാരൻ കൊടുക്കേണ്ടതായിട്ടുള്ള പാട്ടം ഇതിൽ ഏതെങ്കിലും മര്യാദപ്പാട്ടമോ, ഉടമ്പടി അനുസരിച്ചുള്ള പാട്ടമോ ഏതാണു കുറവ് എന്നുവച്ചാൽ അതായിരിക്കും. ഓരോതരം ഭൂമികൾക്കും അതിന്റെ പ്രത്യേകത അനുസരിച്ചുള്ള മര്യാദപ്പാട്ടമാണു നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ കൊടുത്തിട്ടുള്ള തോതുകളിൽനിന്നുകൊണ്ട് ഓരോ പ്രത്യേക പ്രദേശത്തും മര്യാദപ്പാട്ടം എന്തായിരിക്കണമെന്നു ഗവൺമെന്റ് നിശ്ചയിച്ച് ഗസറ്റുമുഖേന പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇങ്ങനെ നിശ്ചയിക്കുന്ന മര്യാദപ്പാട്ടം തങ്ങളുടെ ഭൂമിക്കു നിശ്ചയിച്ചുകിട്ടാൻ ഓരോ കുടിയാനും ലാൻഡ് ട്രൈബ്യൂണലിന്റെ അടുത്തു ഹർജി സമർപ്പിക്കേണ്ടതുമാകുന്നു.

3. സ്ഥിരം കുടിയാന്മാർക്കു ഭൂമി വാങ്ങാനുള്ള അവകാശം: ബില്ലിലെ അതിപ്രധാനമായ മറ്റൊരു വ്യവസ്ഥ സ്ഥിരം കുടിയാന്മാർക്ക് അവർ പാട്ടത്തിനെടുത്തു കൃഷിചെയ്യുന്ന ഭൂമി ഒരു കുടുംബത്തിനു കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധിവരെ ജന്മിയുടെ കൈവശത്തിൽ നിന്നും പ്രതിഫലം കൊടുത്തു വിലയ്ക്കു വാങ്ങാവുന്ന അവകാശമാണ്. ഇങ്ങനെ വിലയ്ക്കു വാങ്ങുമ്പോൾ കുടിയാൻ കൊടുക്കേണ്ട പ്രതിഫലം ബില്ലിൽ നിശ്ചയിച്ചിട്ടുള്ള മര്യാദപ്പാട്ടത്തിന്റെ പതിനാറിരട്ടിയാണ്.

4. പരിധിനിർണ്ണയം: ഒരാൾക്കോ ഒറ്റ കുടുംബത്തിനോ കൈവശം വെച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ പരിധി അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു പതിനഞ്ചേക്കർ ഇരുപ്പുനിലമോ തത്തുല്യമായ മറ്റു ഭൂമിയോ ആയിരിക്കും. കുടുംബത്തിൽ കൂടുതൽ അംഗങ്ങൾ ഉണ്ടെങ്കിൽ അതിനനുസരിച്ച് ഒരംഗത്തിന് ഒരേക്കർ കൂടുതൽ വീതം ഇരുപത്തഞ്ച് ഏക്കർ വരെ പരമാവധി പരിധി നിശ്ചയിച്ചിട്ടുണ്ട്. പരിധി നിർണ്ണയത്തിൽ നിന്ന് ഗവൺമെന്റ്ഭൂമികളെയും, തോട്ടങ്ങളെയും, പൊതുമതസ്ഥാപനങ്ങളെയും, പൊതുമതധർമ്മസ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. പരിധിയിൽ കൂടുതലുള്ള ഭൂമി സർക്കാരിനെ ഏൽപ്പിക്കേണ്ടതും, അങ്ങനെ ഏൽപ്പിക്കുന്ന ഭൂമിക്കു ലഭിക്കുന്ന പ്രതിഫലം രണ്ടാം പട്ടികയിൽ കാണിച്ചിട്ടുമുണ്ട്.

ഭൂമിയേയും കൃഷിയേയും ആശ്രയിച്ചു ജീവിക്കുന്നവർ നമ്മുടെ സ്റ്റേറ്റിലെ ജനസംഖ്യയിൽ 70 ശതമാനത്തോളം ആളുകൾക്കു പരമാവധി ഗുണം ചെയ്യുന്നതിനുള്ള ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് തയ്യാറാക്കിയിട്ടുള്ളത്. കുടിയാനു സ്ഥിരാവകാശവും മര്യാദപ്പാട്ടവും ഭൂമിയിൽ ഉടമസ്ഥാവകാശവും അങ്ങനെ കൂടുതൽ അവകാശങ്ങൾ അനുവദിക്കുന്നതോടൊപ്പം തന്നെ ഇടത്തരക്കാരായ ഭൂവുടമകൾക്കു കഴിയുന്നതും ആശ്വാസം നൽകുന്നതിനും ഈ ബില്ലിൽ ശ്രദ്ധിച്ചിട്ടുണ്ട്.

കാർഷിക പരിഷ്ക്കരണം ഒരു ദേശീയപ്രശ്നമായിക്കാണുന്നതിനും അങ്ങനെ അതിന് ഒരു പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. **നമ്മുടെ ദേശീയപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും കോടിക്കണക്കിനു കൃഷിക്കാർ അണിനിരക്കുകയും, ധീരോദാത്തമായി പോരാടുകയും ചെയ്തത്, കൃഷിഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ്. ഇന്ന് ആ മുദ്രാവാക്യത്തിന് ഒരു പുതിയ രൂപം കൈവന്നിട്ടുണ്ട്. നമുക്ക് കൈവന്നിട്ടുള്ള സ്വാതന്ത്ര്യം കോടിക്കണക്കിനുള്ള ജനങ്ങളുടെ സാമ്പത്തിക മോചനത്തിൽക്കൂടി സാക്ഷാത്കരിക്കേണ്ടതാണ്.** അതിനുള്ള ചുമതലയും ബഹുമതിയുമാണ് നമുക്ക് വന്നു ചേർന്നിരിക്കുന്നത്. മാത്രമല്ല, ഭക്ഷണപ്രശ്നം പരിഹരിക്കുന്നതിനും രണ്ടാം പഞ്ചവത്സരപദ്ധതി വിജയിപ്പിക്കുന്നതിനും പ്രധാന ഉപാധി കൂടിയായിരിക്കണം നമ്മുടെ കാർഷിക പരിഷ്ക്കാരങ്ങൾ. ആ നിലയ്ക്ക് ഈ ബില്ലിനെ സമീപിക്കണമെന്നും, ബില്ലിലെ വ്യവസ്ഥകൾ ഇനിയും നന്നാക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി സഹായിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരോട് മാത്രമല്ല ഇന്നാട്ടിലെ എല്ലാ കൃഷിക്കാരോടും മുഴുവൻ ദേശാഭിമാനികളോടും അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നം ഒരു പാർട്ടിയുടെ പ്രശ്നമല്ല. നമ്മുടെ നാട്ടിന്റെ പ്രശ്നമാണ്. ഈ ബില്ലിനെപ്പറ്റി ചർച്ചചെയ്യുമ്പോഴും അതിൽ വന്നിട്ടുള്ള പാകപ്പിഴകൾ തിരുത്തി നന്നാക്കുവാനുള്ള ശ്രമം നടക്കുമ്പോഴും കേരളത്തിലെ ജനങ്ങളുടെ അഭിലാഷം സാക്ഷാത്ക്കരിക്കുന്നതിനുള്ള ഉപാധിയായി വേണം ബില്ലിനെ കാണേണ്ടതെന്നും ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ബില്ലിൽ പല പാകപ്പിഴകളും വന്നേയ്ക്കാം. പരിപൂർണ്ണമാണെന്നു ഗവൺമെന്റ് കരുതുന്നുമില്ല. പക്ഷേ, ഈ ബിൽ ഈ നാട്ടിലെ സങ്കീർണ്ണമായ കാർഷികപ്രശ്നം പരിഹരിക്കുന്നതിനുള്ള ഞങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹത്തിന്റെ പ്രതിഫലനമാണ് എന്നുമാത്രം പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു."

(1957 ഡിസംബർ 21 ലെ നിയമസഭാ നടപടികളിൽ നിന്ന്)



"ഈ ബില്ലിൽ പുരോഗമനപരമായിട്ടൊന്നുമില്ല, ഇതിൽ വിപ്ലവമില്ല എന്നൊരാക്ഷേപമുണ്ടായി. കാർഷികബന്ധത്തെയും ഭൂഉടമബന്ധത്തേയും സംബന്ധിച്ചിടത്തോളം പ്രത്യേകമായ ശ്രദ്ധയോടുകൂടി വേണം ഈ ബില്ലിനെ കാണാൻ. അതു ചിലപ്പോൾ നാം ഉദ്ദേശിക്കുന്ന മാതിരി പുരോഗമന പരമായില്ലാന്നും വരാം. നാം പ്രതീക്ഷിക്കുന്ന മാതിരിയുള്ള വിപ്ലവം അതിൽ ഇല്ലെന്നു വരാം. എന്നാൽ ഈ നാട്ടിലെ സാമ്പത്തിക - സാമൂഹ്യ സ്ഥിതികളെ സംബന്ധിച്ചിടത്തോളമുള്ള യാഥാർത്ഥ്യങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളത്" -

ഇ.എം.എസ്

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...

### ഇന്ത്യൻ ബഹിരാകാശ ഗവേഷണ ചരിത്രം



**വി.പി.ബാലഗംഗാധരൻ**
ഡി.സി.ബുക്സ്:കോട്ടയം, 2018
Call N0 : B9v2 32Q8
(ബഹിരാകാശ ഗവേഷണ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ വിവരിക്കുന്ന ഗ്രന്ഥം)

### അമ്പിളിക്കുട്ടന്മാർ:ചാന്ദ്രയാത്രയും ഗൂഢാലോചനാസിദ്ധാന്തങ്ങളും

**രവിചന്ദ്രൻ.സി.**



ഡി.സി.ബുക്സ്:കോട്ടയം, 2017
Call N0 : D58(B92) 32Q7
(ചാന്ദ്രയാത്രയെക്കുറിച്ച് സാധാരണ ജനങ്ങൾക്കിടയിലുള്ള സംശയങ്ങൾ ദൂരീകരിക്കുന്ന പഠനഗ്രന്ഥം)

### മരണം എന്റെ പൂമുഖത്ത്

**ഖുശ്വന്ത് സിങ്**



വിവ.സുരേഷ് എം.ജി.
ഡി.സി.ബുക്സ്: കോട്ടയം, 2016
Call N0 : 011wN15KHU 32Q6
(പത്രപ്രവർത്തകനും സാഹിത്യകാരനുമായ ഖുശ്വന്ത് സിങിന്റെ ജീവിതാനുഭവങ്ങൾ)

### ദേശീയത നായാട്ടിനിറങ്ങുമ്പോൾ

**കെ.അരവിന്ദാക്ഷൻ**



ഡി.സി.ബുക്സ്: കോട്ടയം, 2019
Call N0 : 032, 6 ARA Q9
(ജനങ്ങളെ വിരട്ടാനും ആക്രമിക്കാനും രാജ്യദ്രോഹികളെന്ന് മുദ്രകുത്താനും ദേശീയത എന്ന സങ്കൽപ്പത്തെ ആയുധമാക്കുന്ന അധികാരത്തിന്റെ പ്രത്യയശാസ്ത്രത്തെ തുറന്നു കാണിക്കുന്ന ലേഖനങ്ങളുടെ സമാഹാരം)

### ഒരു വട്ടം കൂടി : എന്റെ പാഠപുസ്തകങ്ങൾ. വാല്യം 1-3.

**പി.മധുസൂദനൻ നായർ et al. എഡി.**



ഡി.സി.ബുക്സ്: കോട്ടയം, 2018
Call N0 : P32 Q8
(കേരളപ്പിറവി മുതൽ ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകൾ വരെയുള്ള കേരള പാഠാവലിയുടെ സമാഹാരം)



### ഒരു ആഫ്രിക്കൻ യാത്ര

**സക്കറിയ**



ഡി.സി.ബുക്സ്: കോട്ടയം, 2017
Call N0 : U8.6 32Q7
(ഇരുണ്ട ആഫ്രിക്കയെന്ന് മുദ്രകുത്തപ്പെട്ട എട്ട് രാജ്യങ്ങളിലൂടെ എസ്. കെ.പൊറ്റക്കാടിനുശേഷം മറ്റൊരു മലയാള സാഹിത്യകാരൻ നടത്തുന്ന യാത്രയുടെ അനുഭവരേഖ)

### നിങ്ങൾക്കും ജയിക്കാം സിവിൽ സർവ്വീസ്

**എം.പി.ലിപിൻ രാജ്**



ഡി.സി.ബുക്സ്: കോട്ടയം, 2018
Call N0 : V,8(T:4) 32Q8
(സിവിൽ സർവ്വീസ് പരീക്ഷയുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തുകയും പരീക്ഷയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന കൃതി)

### Seven Decades of Independent India: Ideas and reflections



Vinod Rai and Amitendu Palit
Penguin Books: Gurgaon, 2018
Call No: V8 Q8
(This book reflects on the India of yesterday, today and tomorrow by gathering rare and candid insights on India from distinguished experts, practitioners and scholars)

### Emergency Chronicles: Indira Gandhi and Democracy's Turning Point

Gyan Prakash



Penguin Books: Gurgaon, 2018
Call No: V2:5 Q8
(This book explains how growing popular unrest disturbed Indira's regime, prompting her to take recourse to the law to suspend lawful rights, wounding the political system further and opening the door for caste politics and Hindu nationalism)

### India Moving: A History of Migration



ChinmayTumbe
Penguin Books: Gurgaon, 2018
Call No: X:9j2.2 Q8
(This Book shows the scale and variety of India migration and argues that greater mobility is a prerequisite for maintaining the country's pluralistic traditions)

## നിയമസഭയെ കടലാസ്‌രഹിതമാക്കാൻ 'ശലഭം'

### 'ഇ-നിയമസഭ' പദ്ധതിയുടെ പ്രവർത്തനങ്ങളെപ്പറ്റി ഡെപ്യൂട്ടി സെക്രട്ടറി എൽ. ജ്യോതി സംസാരിക്കുന്നു



**കേരളാ 'ഇ-നിയമസഭ' പദ്ധതിയുടെ സവിശേഷതകൾ ?**

കേരള നിയമസഭയുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തനങ്ങൾ പൂർണ്ണമായും കടലാസ്‌രഹിതമാക്കുകയാണ് ഇ-നിയമസഭ പദ്ധതി വിഭാവനം ചെയ്യുന്നത്. 'ശലഭം' എന്ന പേരിട്ടിരിക്കുന്ന ഈ പദ്ധതി ഇ-ഗവേണൻസും ഇ-ഡെമോക്രസിയും ലക്ഷ്യമിടുന്നു.

കേരള നിയമസഭ ഡിജിറ്റൽ ആക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പതിമൂന്നാം കേരള നിയമസഭാ കാലയളവിൽ ആരംഭിച്ചിരുന്നു. സമ്പൂർണ്ണ ഡിജിറ്റൽ നിയമസഭ എന്നതിന്റെ ആദ്യ ചുവടുവയ്പായി ഹിമാചൽ പ്രദേശിലെ ഇ-വിധാൻ സഭയും പാർലമെന്റിലെ NeVA യും പഠനവിധേയമാക്കുകയുണ്ടായി. രാജ്യത്തിനാകെ മാതൃകയായ ഒരു നിയമസഭ എന്ന നിലയ്ക്ക് കേരള നിയമസഭയ്ക്കായി തനതായ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതാണ് ഉചിതമെന്ന വിലയിരുത്തലിലാണ് ഇ-നിയമസഭ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സാങ്കേതികരംഗത്തെ പ്രവർത്തനങ്ങൾക്ക് TSP (Total Solution Provider) ആയി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള ULTS (UL Technology Solutions), ഹിമാചൽ പ്രദേശിൽ ഇ-വിധാൻ സഭയ്ക്കായി സോഫ്റ്റ്‌വെയർ വികസിപ്പിച്ച SBL Solutions എന്നിവയുടെ സഹകരണത്തോടെയാണ് ഇ-നിയമസഭാ പദ്ധതി രൂപകല്പന ചെയ്യുന്നത്. പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 52 കോടി രൂപയാണ്.

**എത്രകാലം കൊണ്ട് 'ഇ-നിയമസഭ' പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാകും?**

പതിനഞ്ച് മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 2020-ലെ ബജറ്റ് സമ്മേളനം മുതൽ സഭാ നടപടിക്രമങ്ങൾ പൂർണ്ണമായും ഡിജിറ്റലാക്കി മാറ്റാനുദ്ദേശിച്ചുകൊണ്ടുള്ള ഇൻ-ഹൗസ് മൊഡ്യൂൾ വികസിപ്പിക്കുക എന്നതാണ് ഒന്നാം ഘട്ടം. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ ഡിജിറ്റൽ ആക്കുന്നതിനുള്ള ERP (Enterprise Resource Planning) മൊഡ്യൂൾ രണ്ടാം ഘട്ടമായി നടപ്പാക്കും. 2020 ജൂൺ മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടന്നു വരുന്നു. നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾക്ക് വർക്ക് സ്റ്റേഷൻ സജ്ജീകരിച്ച് ആധുനികവത്കരിക്കാനുള്ള പദ്ധതിയും ആസൂത്രണം ചെയ്യുന്നുണ്ട്.

**'ഇ-നിയമസഭ'യുടെ പ്രധാന നേട്ടങ്ങൾ?**

പരിസ്ഥിതി സൗഹൃദ നിയമസഭയിലേക്കുള്ള പ്രധാന ചുവടുവയ്പാണ് ഇ-നിയമസഭ. ഡിജിറ്റലാകുന്നതോടെ വിരൽത്തുമ്പിൽ വിവരം ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ സഭയും സർക്കാരും തമ്മിലുള്ള ഇടപെടൽ കാര്യക്ഷമവും ചടുലവുമാകും. പരമ്പരാഗതശൈലിയുടെ ഭാഗമായ സങ്കീർണ്ണതയും കാലതാമസവും പലപ്പോഴും ലെജിസ്ലേച്ചറിൽ ജനങ്ങൾക്കുള്ള മതിപ്പ് നഷ്ടപ്പെടുത്തുന്നു. നിയമസഭാസമ്മേളനവുമായി ബന്ധപ്പെട്ട രേഖകളും കമ്മിറ്റികൾക്കുള്ള കുറിപ്പുകളും ഫലപ്രദമായി സാമാജികർക്കു പരിശോധിക്കാൻ സമയം ലഭിക്കുന്നുണ്ടോ എന്നത് പ്രധാനമാണ്. ഇക്കാരണത്താൽ സാമാജികരുടെ ഫലപ്രദമായ ഇടപെടൽ പലപ്പോഴും പരിമിതമാകാറുണ്ട്. വിവരങ്ങളും രേഖകളും വിരൽത്തുമ്പിൽ ലഭിക്കുമ്പോൾ സാമാജികരുടെ സഭാപ്രവർത്തനം മികച്ചതാകും. ഇ-നിയമസഭ പദ്ധതിക്കായി വികസിപ്പിക്കുന്ന ആപ്ലിക്കേഷൻ മൊബൈൽ ഫോണിലും ലഭിക്കുമെന്നത് സാമാജികർക്ക് വളരെ സൗകര്യപ്രദമായിരിക്കും. കോൺസ്റ്റിറ്റ്യുവൻസി മാനേജ്മെന്റ് മൊബൈൽ ആപ്പിലൂടെ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് അവരുടെ ജനപ്രതിനിധികളുമായും ജനപ്രതിനിധികൾക്ക് തിരിച്ചും സമയോചിതവും ശക്തവുമായ ഇടപെടലുകൾ നടത്താനാകും. ഇത്തരം ഇടപെടലുകൾ ജനാധിപത്യപ്രക്രിയയെ സാർത്ഥകമാക്കും.

**നിയമസഭാ ചോദ്യം, നിയമനിർമ്മാണം, നിയമസഭാ സമിതികൾ തുടങ്ങി നിയമസഭയുടെ സുപ്രധാന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നത്?**

നിയമസഭാ ചോദ്യോത്തരങ്ങളും നിയമനിർമ്മാണ പ്രക്രിയകളും ചട്ടപ്രകാരമുള്ള മറ്റു നടപടിക്രമങ്ങളും കമ്മിറ്റികളുടെ പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈനാക്കാനാണ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, ലാ സെക്രട്ടേറിയറ്റ്, ഫിനാൻസ് സെക്രട്ടേറിയറ്റ്, അക്കൗണ്ടന്റ് ജനറൽ, പി.ആർ.ഡി. എന്നിവ ഇ-നിയമസഭാ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. LAIS സോഫ്റ്റ്‌വെയർ പ്രയോഗത്തിലുണ്ടായിരുന്നെങ്കിലും ഭൂരിപക്ഷം സാമാജികരും ചോദ്യങ്ങളുടെ നോട്ടീസ് ഹാർഡ് കോപ്പിയായാണ് നൽകിയിരുന്നത്. ഇത്തരം സാഹചര്യങ്ങളും അനുഭവങ്ങളും കൂടി ഉൾക്കൊണ്ട് ഇ-നിയമസഭ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്.

[ഇ-നിയമസഭ പദ്ധതിയുടെ ചുമതലയുള്ള എൽ.ജ്യോതി 1996 ഒക്ടോബറിലാണ് നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ചത്]

## എഡിറ്റർ ഓഫ് ഡിബേറ്റ്സിന്റെ മരണം - സഭയുടെ അനുശോചനത്തിന് അരനൂറ്റാണ്ട്



നിയമസഭാ സെക്രട്ടേറിയറ്റിൽ എഡിറ്റർ ഓഫ് ഡിബേറ്റ്സ് ആയിരുന്ന സുബ്രഹ്മണ്യ അയ്യരുടെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തിയ ചരിത്രത്തിന് അമ്പതാണ്ടുകൾ. 1969 ഒക്ടോബർ ഒന്നാം തീയതി മരണപ്പെട്ട അദ്ദേഹത്തിന്റെ നിര്യാണ വിവരം 'വളരെ ദുഃഖകരമായ ഒരു സംഭവം ഇന്നുണ്ടായി' എന്ന ആമുഖത്തോടെയാണ് സ്പീക്കർ സഭയെ അറിയിച്ചത്. മുപ്പതുവർഷക്കാലം പ്രശസ്തമായ നിലയിൽ സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഖേദം പ്രകടിപ്പിക്കുന്നതിനായി സഭ ഒരു മിനിട്ടുനേരം എഴുന്നേറ്റു നിന്നു.

സഭയിലെ അംഗങ്ങളോ മുൻ അംഗങ്ങളോ ദേശീയമോ അന്തർദേശീയമോ ആയ പ്രമുഖ സ്ഥാനം വഹിക്കുന്ന മഹത് വ്യക്തികളോ കലാസാംസ്കാരിക നായകരോ നിര്യാതരാകുമ്പോൾ സഭയിൽ പരാമർശം നടത്തുകയും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്ന ഒരു കീഴ്‌വഴക്കമുണ്ട്. എന്നാൽ നിയമസഭാ ജീവനക്കാരന്റെ മരണത്തിൽ അനുശോചിച്ച ഒരേയൊരു സംഭവമായിരുന്നു ഇത്. ഡി.ദാമോദരൻ പോറ്റി ആയിരുന്നു സ്പീക്കർ. സുബ്രഹ്മണ്യ അയ്യർ തിരുവനന്തപുരം കരമന, വലിയശാല സ്വദേശിയായിരുന്നു.




# നന്നാട്ട്കാവിലെ ബ്രഹ്മശ്രീ പിള്ളയമ്മാച്ചൻ ക്ഷേത്ര കാവ്

**പ്രകൃതിയും അതിലെ ജീവജാലങ്ങളും തമ്മിലുള്ള സന്തുലനമാണ് ജീവന്റെ നിലനിൽപ്പിനാധാരം. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതിന്റെ തിക്തഫലങ്ങൾ മഹാപ്രളയമായും കൊടുങ്കാറ്റായും ഉരുൾപൊട്ടലായും അലട്ടാൻ തുടങ്ങിയപ്പോൾ ഇടയ്ക്കെപ്പോഴോ മറന്നുപോയ പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത മലയാളി ചിന്തിച്ചു തുടങ്ങി. പ്രകൃതിസംരക്ഷണം യഥാർത്ഥത്തിൽ മലയാളിയുടെ സംസ്കാരത്തിന്റെ ഭാഗം തന്നെയായിരുന്നു. കേരളത്തിലെ അവശേഷിക്കുന്ന കാവുകൾ ഇതിനുദാഹരണമാണ്. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പൂർവ്വികർ ആരാധനയുമായി ബന്ധപ്പെടുത്തി കാവുകൾ സംരക്ഷിച്ചു പോന്നു. കാവു തീണ്ടിയാൽ നാടിന്റെ കുടിവെള്ള ഉറവ നഷ്ടപ്പെടുമെന്ന പൂർവ്വികരുടെ തിരിച്ചറിവാണ്, അപൂർവ്വ സസ്യ ജന്തുജാലങ്ങളുടെ സംരക്ഷണത്തിനും അതുവഴി ആവാസവ്യവസ്ഥയുടെ സന്തുലനം നിലനിറുത്തുന്നതിനും സഹായിക്കുന്ന പച്ചത്തുരുത്തുകളായി കാവുകളെ അവശേഷിപ്പിക്കുന്നത്. പ്രകൃതിസംരക്ഷണത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന ഒരു കാലഘട്ടത്തിൽ ഭൂമിയുടെ ശ്വാസകോശങ്ങളായ കേരളത്തിലെ കാവുകളിലൂടെ ഒരു യാത്ര....**

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിൽ നന്നാട്ട് കാവ് വട്ടവിള വാർഡിൽ ഉൾപ്പെടുന്ന ബ്രഹ്മശ്രീ പിള്ളയമ്മാച്ചൻ ക്ഷേത്ര കാവ് ജില്ലയിലെ പ്രധാന കാവുകളിലൊന്നായി വിലയിരുത്തപ്പെടുന്നു. കേരളത്തിലെ ഒട്ടുമിക്ക കാവുകളും പേലെ ക്ഷേത്രവും സർപ്പാരാധനയുമായി ബന്ധപ്പെട്ടതാണ് ബ്രഹ്മശ്രീ പിള്ളയമ്മാച്ചൻ ക്ഷേത്ര കാവ്. ഒന്നരയേക്കറോളം വിസ്തൃതിയുള്ള ക്ഷേത്ര പരിസരത്തിൽ ഏകദേശം അൻപത് സെന്റ് വൃക്ഷനിബിഡമാണ്. അപൂർവ്വ സസ്യജന്തുജാലങ്ങളുടെ ആവാസഭൂമിയാണ് ഈ ക്ഷേത്ര കാവ്. ഇലഞ്ഞി, ചോരപ്പാല, ആഞ്ഞിലി, അത്തി, ഇത്തി, പേരാൽ, ആൽമരം തുടങ്ങിയ വൃക്ഷങ്ങളും ആയിരത്തി എട്ടിൽ പരം അപൂർവ്വ ഔഷധസസ്യങ്ങളും, വവ്വാൽ, മലയണ്ണാൻ, ഊളൻ, നത്ത്, മൂങ്ങ, മയിൽ തുടങ്ങിയ ജീവി വർഗ്ഗങ്ങളും പ്രകൃതിയോട് ഇഴുകിച്ചേർന്ന് ജീവിക്കുന്നു. പ്രദേശത്തിനാകെ കുളിർമയേകി ഏത് കൊടിയ വേനലിലും നാടിന് ജലസമൃദ്ധി പ്രദാനം ചെയ്യുന്ന നീരുറവ കാവിനകത്തുനിന്ന് ഉദ്ഭവിക്കുന്നു. ചെടികൾ സംരക്ഷിക്കുന്നതിനും പുതിയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും സദാ ജാഗരൂകരാണ് ഇപ്പോൾ ക്ഷേത്രഭരണം കയ്യാളുന്ന ബ്രഹ്മശ്രീ പിള്ളയമ്മാച്ചൻ ക്ഷേത്ര ട്രസ്റ്റ് ഭാരവാഹികളും നാട്ടുകാരും. തുലാ മാസത്തിലെ ആയില്യം നാൾ വളരെ വിശേഷമാണ്. അന്നു നടത്തുന്ന ആയില്യപൂജയ്ക്ക് ശേഷം ഏഴു ദിവസം ക്ഷേത്രകാവിനകത്ത് ആരെയും പ്രവേശിപ്പിക്കാറില്ല. കാവിന്റെ പരിശുദ്ധിയും ജീവജാലങ്ങളുടെ സ്വൈരതയും ഉറപ്പുവരുത്താനുള്ള ഒരു ചിട്ട കൂടിയാണിത്.



## ചിത്രജാലകം




**ചരിത്ര നിമിഷം** - കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 26.04.1958 ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു തറക്കല്ലിട്ടപ്പോൾ



സ്വിറ്റ്സർലണ്ട് പാർലമെന്റ് അംഗം ഡോ.നിക്ലോസ് സാമുവൽ ഗ്രുഗ്ഗർ നിയമസഭാ സ്പീക്കറെ സന്ദർശിച്ചപ്പോൾ



തെലങ്കാന നിയമസഭാ സ്പീക്കർ പി. ശ്രീനിവാസ് റെഡ്ഡി കേരള നിയമസഭ സന്ദർശിച്ചപ്പോൾ




2019 ആഗസ്റ്റ് 28 മുതൽ 30 വരെ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി റിസർച്ച് സ്റ്റഡീസ് സംഘടിപ്പിച്ച 'വിദ്യാഭ്യാസം - വെല്ലുവിളികളും അവസരങ്ങളും' എന്ന വിഷയത്തിലുള്ള ശിൽപശാലയിൽ പങ്കെടുത്ത നിയമസഭാ സാമാജികർ - സി.കെ.ആശ, എൽദോസ് പി. കുന്നപ്പിള്ളിൽ, പി.ഉബൈദുള്ള

# ഭരണഘടനയും ഫെഡറലിസവും – എസ്.ആർ.ബൊമ്മെ കേസ്

ഭാരതത്തിന്റെ ഫെഡറൽ സംവിധാനവും ഭരണഘടനയുടെ 356-ാം അനുച്ഛേദ പ്രകാരമുള്ള രാഷ്ട്രപതിയുടെ അധികാരവും തലനാരിഴ കീറി പരിശോധിക്കപ്പെട്ട സുപ്രധാനമായ കേസാണ് എസ്.ആർ.ബൊമ്മെ കേസ്. 5 വർഷം നീണ്ടു നിന്ന വാദപ്രതിവാദങ്ങൾക്ക് ശേഷം 1994 മാർച്ച് 11 ന് ജസ്റ്റിസ് എ.എം.അഹമ്മദി അദ്ധ്യക്ഷനായ ഒൻപതംഗ ഭരണഘടനാ ബെഞ്ചാണ് ചരിത്രപ്രധാനമായ വിധി പുറപ്പെടുവിച്ചത്. ഇന്ത്യയുടെ ഭരണഘടനാ വ്യാഖ്യാനങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും കേന്ദ്ര സർക്കാരുകൾക്ക് സംസ്ഥാന ഭരണത്തിന്മേലുള്ള വിധി നിർണ്ണയാവകാശം സംബന്ധിച്ച് ക്രിയാത്മക നിർദ്ദേശം നൽകുകയും ചെയ്ത കേസാണിത്. തൂക്ക നിയമസഭകൾ നിലവിൽ വരുമ്പോൾ സർക്കാർ രൂപീകരണത്തിന്റെ കാര്യത്തിൽ ഈ കേസിലെ സുപ്രീം കോടതി മാർഗ്ഗനിർദ്ദേശങ്ങൾ നിർണ്ണായകമാകുന്നു.

1988 ആഗസ്റ്റ് 18 മുതൽ കർണ്ണാടക മുഖ്യമന്ത്രിയായിരുന്ന ജനതാദൾ നേതാവായ എസ്.ആർ.ബൊമ്മെ. 1989 മാർച്ച് മാസത്തിൽ ജനതാദൾ അംഗങ്ങളായ 19 എം.എൽ.എ.മാർ കൂറുമാറുകയും സർക്കാരിന് പിന്തുണ പിൻവലിക്കുന്നതായി ഗവർണ്ണർക്ക് കത്ത് നൽകുകയും ചെയ്തു. ഇവരിൽ ചില അംഗങ്ങൾ തങ്ങൾ കത്തിൽ ഒപ്പുവച്ചിട്ടില്ല എന്ന് വ്യക്തമാക്കുകയുണ്ടായി. പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കെ ജനതാദൾ പാർലമെന്ററി പാർട്ടി യോഗം ചേരുകയും എസ്.ആർ.ബൊമ്മെയിൽ വിശ്വാസമർപ്പിക്കുകയും ചെയ്തു. പാർലമെന്ററി പാർട്ടിയുടെ പിന്തുണയറിയിക്കുന്ന കത്തുമായി മുഖ്യമന്ത്രി ഗവർണറെ കാണുകയും സഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ അവസരം നൽകണമെന്നാവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഗവർണർ പി.വെങ്കിട സുബ്ബയ്യ സഭയിൽ ഭൂരിപക്ഷം തെളിയിക്കാനുള്ള അവസരം നിഷേധിക്കുകയുണ്ടായി. മുഖ്യമന്ത്രിക്ക് ഭൂരിപക്ഷം നഷ്ടമായതായി അദ്ദേഹം റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനത്ത് രാഷ്ട്രപതി ഭരണത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. 1989 മാർച്ച് 21 ന് എസ്.ആർ.ബൊമ്മെ മന്ത്രിസഭയെ പിരിച്ചുവിടുകയും സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

മന്ത്രിസഭയെ പുറത്താക്കിയതിനും രാഷ്ട്രപതി ഭരണമേർപ്പെടുത്തിയതിനുമെതിരെ എസ്.ആർ.ബൊമ്മെ നൽകിയ റിട്ട് ഹർജി ഹൈക്കോടതി തള്ളുകയുണ്ടായി. ഇതിനെതിരെ അദ്ദേഹം സുപ്രീംകോടതിയിൽ നൽകിയ അപ്പീൽ ഹർജിയിലാണ് ചരിത്രപ്രധാനമായ വിധിയുണ്ടായത്. സഭയിൽ ഭൂരിപക്ഷം തെളിയിക്കുവാൻ അവസരം നൽകാതെ സംസ്ഥാന സർക്കാരിനെ പിരിച്ചുവിട്ട നടപടി ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രീംകോടതി വിലയിരുത്തി.

നിസ്സാരകാരണങ്ങൾ പറഞ്ഞ് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ പുറത്താക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടി ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്ക് ചേർന്നതല്ലെന്ന് വിധി ചൂണ്ടിക്കാട്ടി. അനുച്ഛേദം 356 പ്രകാരമുള്ള രാഷ്ട്രപതിയുടെ പ്രഖ്യാപനം ജൂഡീഷ്യൽ റിവ്യൂവിന് വിധേയമാണെന്നും സുപ്രീം കോടതി വിധിച്ചു.

"ഗവർണറുടെ റിപ്പോർട്ട് പരിഗണിച്ച് ഒരു സംസ്ഥാനത്ത് ഭരണഘടനാ സംവിധാനങ്ങൾ തകരാറിലായോ എന്ന് വിലയിരുത്താനുള്ള സ്വാതന്ത്ര്യം രാഷ്ട്രപതിക്കുണ്ട്. അത് രാഷ്ട്രപതിയുടെ വ്യക്തിനിഷ്ഠമായ വിലയിരുത്തലാണ്. എന്നാൽ അത്തരം വിലയിരുത്തലിന് കാരണമാകുന്ന വസ്തുതകൾ വസ്തുനിഷ്ഠമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇക്കാരണത്താൽ തന്നെ നീതിന്യായ സംവിധാനത്തിന്റെ റിവ്യൂവിന് വിധേയവുമാണ്" എന്നായിരുന്നു ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ വിലയിരുത്തൽ. മറ്റൊരു പോംവഴിയുമില്ലാതെ വരുമ്പോൾ അന്തിമമാർഗ്ഗം എന്ന നിലയിൽ മാത്രമേ അനുച്ഛേദം 356 പ്രയോഗിക്കുവാൻ രാഷ്ട്രപതി തയ്യാറാകാവൂ എന്നും സുപ്രീം കോടതി വ്യക്തമാക്കി.





ജനതാദൾ പാർലമെന്ററി പാർട്ടിയുടെ പിന്തുണ അറിയിക്കുന്ന കത്ത് എസ്.ആർ.ബൊമ്മെ ഗവർണർക്ക് നൽകുന്നു

സ്വാതന്ത്ര്യാനന്തരം സംസ്ഥാന ഗവൺമെന്റുകളെ കേന്ദ്ര സർക്കാരിന്റെ താൽപര്യപ്രകാരം പിരിച്ചു വിട്ട കേസുകൾ ഈ കേസിന്റെ പരിഗണനാ വേളയിൽ ചർച്ച ചെയ്യപ്പെട്ടു. കേന്ദ്രസർക്കാരിന് വേണ്ടി അറ്റോർണി ജനറൽ കെ.പരാശരൻ, അഫ്താബ് അഹമ്മദ്, മിലൻ കെ.ബാനർജി എന്നിവരും എസ്.ആർ.ബൊമ്മെയ്ക്ക് വേണ്ടി സോളി സൊറാബ്ജി, രാംജേഠ് മലാനി, ശാന്തിഭൂഷൺ, അരുൺ ജെയ്റ്റ്ലി തുടങ്ങിയ മുതിർന്ന അഭിഭാഷകരുമാണ് ഹാജരായത്.

സംസ്ഥാന ഗവൺമെന്റുകളുടെ ഭൂരിപക്ഷം തെളിയിക്കാനുള്ള വേദി നിയമസഭയാണെന്നും ഗവർണറുടെ വ്യാഖ്യാനത്തേക്കാൾ ശക്തിമത്തായ അധികാരം നിയമസഭയ്ക്കുണ്ടെന്നും വിധി ചൂണ്ടിക്കാട്ടി. കൂറുമാറ്റം സംബന്ധിച്ച കേസുകൾ സ്പീക്കറുടെ പരിഗണനയിലിരിക്കുമ്പോൾ കോടതി ഇക്കാര്യത്തിൽ ഇടപെട്ട് വിധി പ്രസ്താവിക്കുന്നത് ശരിയല്ലെന്നും നിയമസഭാംഗത്വം സംബന്ധിച്ച് സ്പീക്കറുടെ പരമാധികാരം ശരിവെയ്ക്കുന്നു എന്നും കോടതി വ്യക്തമാക്കി.

ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സ്വഭാവം വിശദമായി കോടതി ചർച്ച ചെയ്യുകയും അമേരിക്കൻ ഭരണഘടനാപ്രകാരമുള്ള ഫെഡറൽ സ്റ്റേറ്റ് എന്ന സങ്കൽപം ഇന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പ്രായോഗികമാകില്ലെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. ഒരു സംസ്ഥാനത്തെ ഭരണഘടനാ സംവിധാനം തകരാറിലായെന്ന് വിലയിരുത്തുന്നതിന് 1987-ലെ സർക്കാരിയ കമ്മീഷന്റെ ശിപാർശകളെയാണ് കോടതി ആധാരമാക്കിയത്. ഒരു സംസ്ഥാന സർക്കാരിന്റെ ഭരണ പരാജയം, ഒരു സർക്കാരിന് ഭൂരിപക്ഷം നഷ്ടമായാൽ മറ്റൊരു സർക്കാർ രൂപീകരണത്തിനുള്ള സാധ്യത തേടാതിരിക്കൽ, സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കുവാൻ അവസരം നൽകാതെ ഒരു സർക്കാരിനെ പിരിച്ചു വിടുക, ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു സംസ്ഥാനം ഭരിക്കുന്ന കക്ഷിയ്ക്ക് വമ്പൻ പരാജയം നേരിടുക, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വഷളാവുക,മന്ത്രിസഭയ്ക്കെതിരെ അഴിമതി ആരോപണമുയരുക തുടങ്ങിയ സാഹചര്യങ്ങളിൽ ഭരണഘടനാ സംവിധാനം തകർന്നു എന്ന കാരണം പറഞ്ഞ് സംസ്ഥാന സർക്കാരുകളെ പിരിച്ചുവിടാവുന്നതല്ല എന്ന് വിധിയിൽ ചൂണ്ടിക്കാട്ടി.

രാഷ്ട്രപതിഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനത്തിന് എത്രയും വേഗം പാർലമെന്റിന്റെ ഇരുസഭകളിലും അംഗീകാരം നേടേണ്ടതുണ്ടെന്നും അതുവരെ സംസ്ഥാന നിയമസഭയെ സസ്പെൻഡ് ചെയ്ത് നിർത്തണമെന്നും വിധിയിൽ പ്രസ്താവിച്ചു. രണ്ട് മാസത്തിനുള്ളിൽ പാർലമെന്റിന്റെ ഇരുസഭകളിലും അംഗീകാരം നേടാനായില്ലെങ്കിൽ പ്രഖ്യാപനം ലാപ്സാകുമെന്നും സസ്പെൻഡ് ചെയ്ത് നിർത്തിയ നിയമസഭ പുനഃസ്ഥാപിക്കപ്പെടുമെന്നും സംസ്ഥാന ഗവൺമെന്റ് വീണ്ടും തൽസ്ഥാനത്ത് തുടരുമെന്നും സുപ്രീം കോടതി വിധിച്ചു.

കേന്ദ്രസർക്കാരിന്റെ താൽപര്യങ്ങൾക്ക് അനുസൃതമായി സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചുവിടുന്ന നടപടിക്ക് ഈ കേസിലൂടെ തിരിച്ചടിയേറ്റു. 1999 ഫെബ്രുവരി 12 ന് എ.ബി.വാജ്പേയി സർക്കാർ ബീഹാറിലെ റാബ്റി ദേവി ഗവൺമെന്റിനെ പിരിച്ചുവിട്ടു. എന്നാൽ ഈ തീരുമാനത്തിന് രാജ്യസഭയുടെ അംഗീകാരം ലഭിക്കില്ലെന്ന് ഉറപ്പായപ്പോൾ മാർച്ച് 8 ന് സംസ്ഥാന സർക്കാരിനെ പുനരവരോധിച്ചു കൊണ്ട് ഉത്തരവിടാൻ നിർബന്ധിതമായത് എസ്.ആർബൊമ്മെ കേസിലെ വിധിയുടെ ഫലമായാണ്. ഇന്ത്യൻ ജനാധിപത്യത്തിൽ ദിശാസൂചകമായ നിരവധി മാറ്റങ്ങൾക്ക് വഴിയൊരുക്കിയ ഒരു നിയമപോരാട്ടമാണ് 1989 ലെ എസ്.ആർ.ബൊമ്മെ v. യൂണിയൻ ഓഫ് ഇന്ത്യ കേസ്.






## നവകേരള മോഡൽ ലോകത്തിന് മാതൃക - ജസ്റ്റിസ് (റിട്ട.) പി. സദാശിവം

സംസ്ഥാന ഗവർണറായി അഞ്ചു വർഷം പൂർത്തിയാക്കിയ ഗവർണർ ജസ്റ്റിസ്(റിട്ട.) പി.സദാശിവത്തിന് സംസ്ഥാന സർക്കാരിന്റെ ഹൃദ്യമായ യാത്രയയപ്പ്. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലായിരുന്നു യാത്രയയപ്പ് ചടങ്ങ് സംഘടിപ്പിച്ചത്. മതേതരമൂല്യം ഉയർത്തിപ്പിടിച്ച വ്യക്തിത്വമായിരുന്നു വിരമിക്കുന്ന ഗവർണറുടേതെന്നും പരസ്പരധാരണയോടുകൂടിയ സഹോദര ബന്ധമാണ് അദ്ദേഹവുമായി ഉണ്ടായിരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഗവർണർ പദവി സൃഷ്ടിപരമായി വിനിയോഗിക്കാൻ അദ്ദേഹത്തിനു സാധിച്ചതായി സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പറഞ്ഞു. കേരളം പ്രതിസന്ധിയിലായപ്പോഴെല്ലാം അദ്ദേഹം സംസ്ഥാനത്തിനൊപ്പം നിന്നതായി ചടങ്ങിൽ സംബന്ധിച്ച പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. ഓഖിയും പ്രളയവും ഉരുൾപൊട്ടലുമുണ്ടായപ്പോൾ കേരളം കാട്ടിയ ഒരുമ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിലുമുണ്ടാകണമെന്ന് ചടങ്ങിൽ സംസാരിച്ചുകൊണ്ട് ജസ്റ്റിസ് (റിട്ട.)പി.സദാശിവം പറഞ്ഞു. കേരളത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും ഏറെ പ്രതീക്ഷയുള്ളതായും നവകേരളം യാഥാർത്ഥ്യമാകുന്നതോടെ കേരള മോഡൽ ലോകത്തിനു തന്നെ മാതൃകയാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

# ആൾക്കൂട്ടകൊലപാതകങ്ങൾ

## മനുഷ്യത്വവിരുദ്ധം - നിയമസഭാപ്രമേയം



ആൾക്കൂട്ട കൊലപാതകം എന്ന നിഷ്ഠൂരതയ്ക്കെതിരെ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു എന്നും ഈ പ്രാകൃതത്വം അവസാനിപ്പിക്കണമെന്നും ശക്തമായ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 2019 ജൂലൈ 4 ന് കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തു. മനുഷ്യത്വത്തിനെതിരായ നിഷ്ഠൂരമായ കുറ്റകൃത്യമാണ് ആൾക്കൂട്ട കൊലപാതകം. നീതിനിർവ്വഹണാധികാരം ഒരു കൂട്ടമാളുകൾ നിമയവിരുദ്ധമായി കയ്യേൽക്കുന്നു എന്നതാണ് ആൾക്കൂട്ട കൊലപാതകത്തിന്റെ പ്രത്യേകത. സമൂഹത്തിൽ അധീശാധികാരമുള്ള ഒരു വരേണ്യവിഭാഗം അവരുടെ താൽപര്യ നിർവ്വഹണത്തിനായി വിയോജന നിലപാടുകളുള്ളവരെ ഉന്മൂലനം ചെയ്യാനുള്ള ഉപാധിയായി ഇതിനെ മാറ്റുന്നു. നീതിന്യായ വ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിലും ആൾക്കൂട്ടങ്ങൾക്ക് നിയമം കൈയിലെടുക്കാനുള്ള അവകാശമില്ല. ഇന്ത്യയിൽ പലയിടത്തും അടുത്തകാലത്ത് ആൾക്കൂട്ടം നിയമം കൈയിലെടുക്കുന്നു. അവർ തങ്ങൾക്ക് തോന്നുംപ്രകാരം നിയമവിരുദ്ധമായി തങ്ങളുടെ താൽപര്യങ്ങൾ നിർബാധം നടത്തിയെടുക്കുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ രക്ഷപെട്ടുപോകുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഉദാഹരണ സഹിതം പ്രമേയം ചൂണ്ടിക്കാട്ടി. ആൾക്കൂട്ട കൊലപാതകങ്ങൾക്ക് ഉത്തരവാദിയായവർ ശിക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, അവർക്ക് അധികാരസ്ഥാനങ്ങളിൽനിന്ന് പ്രോത്സാഹനം ലഭിക്കുന്നു എന്ന് അഖ്ലാഖ് വധക്കേസ് ഉദ്ധരിച്ചുകൊണ്ട് പ്രമേയം ചൂണ്ടിക്കാട്ടി. ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന വിധത്തിൽ നിയമം കൈയിലെടുക്കുന്നതിൽ പ്രമേയം ഉത്കണ്ഠ പ്രകടിപ്പിച്ചു. ഇന്ത്യയുടെ വൈവിധ്യവും അഖണ്ഡതയും സംരക്ഷിക്കാനും ഓരോ ഇന്ത്യക്കാരന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്താനും ആൾക്കൂട്ട കൊലപാതകങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ടെന്നും ഫാസിസത്തിന്റെ കരിനിഴലുകൾ ജനാധിപത്യ സമൂഹത്തിൽ വീഴുന്നതിന്റെ ലക്ഷണങ്ങൾക്കെതിരെ പ്രതികരിക്കാതിരിക്കാൻ നമുക്കു കഴിയില്ല എന്നും പ്രമേയത്തിലൂടെ സഭ പ്രതികരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353 ; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org